നിയമ സംസ്കാര കേന്ദ്രത്തിന്റെ

3.00 ക.

# ജനനീതി

# മനുഷ്യാവകാശ ധ്വംസനം



മനുഷ്യാവകാശ ധ്വംസനങ്ങളെ എതിർത്തതിന്ന് അറസ്റ്റ് ചെയ്യപ്പെട്ട ഡോ. വിനായക് സെന്നിന്ന് സുപ്രീം കോടതിയും ജാമ്യം നിഷേധിച്ചു.

130

ഫെബ്രുവരി 2008

# അഴിമതിവിരുദ്ധസമരം: ഒരു രക്തസാക്ഷികൂടി

**- ആനന്ദ് ദാസ് -**

**അ**ഴിമതിക്കാരുടെ നാടായ ബീഹാറിൽ അഴിമതിക്കെതിരെ പോരാടിയ ഒരാൾക്കുകൂടി ജീവൻ നഷ്ടപ്പെട്ടു. വടക്കൻ ബീഹാറിലെ സീതാമഡി ജില്ലയിൽപെട്ട റുന്നി സൈദാപ്പൂർ ബ്ലോക്കിലെ സി.പി.ഐ. (എം.എൽ.) നേതാവായ അശോക് ഷായാണ് വധിക്കപ്പെട്ടത്; അതാകട്ടെ പോലീസ് ലോക്കപ്പിൽവച്ചും.

ബീഹാറിൽ എല്ലാ കൊല്ലവും വ്യാപകമായതോതിൽ വെള്ളപ്പൊക്കമുണ്ടാകാറുണ്ട്; എല്ലാ കൊല്ലവും കോടിക്കണക്കിന്നു രൂപ ദുരിത നിവാരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കാറുണ്ട്; എല്ലാ കൊല്ലവും ദുരിതനിവാരണത്തിന്നനുവദിച്ച പണമത്രയും ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും തട്ടിത്തിന്നാറുമുണ്ട്.

ഈ അഴിമതിക്കെതിരായി അശോക് ഷാ സമരമാരംഭിച്ചിട്ട് കൊല്ലങ്ങളായി. ഇക്കൊല്ലം ഒരു അഴിമതി വിരുദ്ധ റാലിക്ക് ഒരുക്കം നടത്തിവരവെയാണ് ഷാ അറസ്റ്റ് ചെയ്യപ്പെട്ടത്. ദുരിതാശ്വാസ പ്രവർത്തനത്തിന്നായി അനുവദിച്ച പണം ബ്ലോക് ഡവലപ്പ്മെന്റ് ഓഫീസർ ദുരുപയോഗപ്പെടുത്തിയതായി ഷാ സെപ്തംബറിൽ പരാതിപ്പെട്ടിരുന്നു. ഒക്ടോബർ അഞ്ചാംതിയ്യതി പുലർച്ച ഒന്നരക്ക് ഒരു ഡസൻ പോലീസുകാർവന്ന് ഷായെ അറസ്റ്റ് ചെയ്തു കൊണ്ടുപോയി. 43 കാരനായ ഷാക്കെതിരെ പോലീസ് ഒരു ബലാത്സംഗ ക്കേസ് രജിസ്റ്റർ ചെയ്തിരുന്നു.

ബലാത്സംഗം സംബന്ധമായ പരാതി കിട്ടിയാലുടൻ, പരാതിക്കാരിയെ വൈദ്യ പരിശോധനക്ക് വിധേയമാക്കണമെന്നാണ് നിയമം. എന്നാൽ ഈ കേസിൽ അതുണ്ടായില്ല. പരാതിയെപ്പറ്റി അന്വേഷണം നടത്താനാണ് തിർഹട്ട് ഡി.ഐ.ജി. കല്പന നൽകിയതെങ്കിലും പോലീസ് ഒരന്വേഷണവും നടത്തിയില്ല. അവർ പാതിരാ നേരത്ത് വീട് കയ്യേറി ഷായെ അറസ്റ്റ് ചെയ്യുകയാണുണ്ടായത്.

പോലീസ് സ്റ്റേഷനിൽനിന്ന് അര കിലോമീറ്റർ ദൂരമേ ഷായുടെ വീട്ടിലേക്കുള്ളൂ. പോലീസ് സ്റ്റേഷനിലെ ഡയറി പ്രകാരം പുലർച്ചക്ക് 1.30ന്നാണ് പോലീസ് അറസ്റ്റിന്ന് പുറപ്പെട്ടത്; പോലീസ് സംഘം ഷായേയുംകൊണ്ട് 3.30ന്ന് തിരിച്ചെത്തിയതായും ഡയറിയിലുണ്ട്. ഷായെ 4 മണിക്ക് ദുംറയിലെ കോടതിയിലേക്ക് കൊണ്ടുപോയതായും അതിൽ പറയുന്നുണ്ട്. ഇതെല്ലാം നിയമവിരുദ്ധമായ നടപടികളാണ്. പാതിരക്ക് വീട്ടിൽ കയറി അറസ്റ്റ് നടത്തുന്നതിനെ സുപ്രീം കോടതി പാടെ നിരോധിച്ചിട്ടുള്ളതാണ്. പുലർച്ചക്ക് നാലുമണിക്ക് പ്രവർത്തിക്കുന്ന ഒരു കോടതിയും ഇന്ത്യാമഹാരാജ്യത്തിലൊരിടത്തുമില്ലതാനും.

റുന്നി സൈദാപൂരിലെ എം.എൽ.എ. ഗുഡിദേവി ഭരണകക്ഷിയായ ഐക്യജനതാദളക്കാരിയാണ്. ഷായുടെ മരണം സംബന്ധിച്ച പ്രഥമവിവര റിപ്പോർട്ടിൽ പ്രതിസ്ഥാനത്ത് ഗുഡിദേവിയുണ്ട്. ഗുഡിദേവിയുടെ ഭർത്താവ് രാജേഷ് ചൗധരി ഐക്യജനതാദളത്തിലെ പ്രമാണിമാരിലൊരാളാണ്. കൊലപാതകമടക്കമുള്ള അനേകം കേസുകളിൽ പ്രതിയായ ഇയാൾ ഇപ്പോൾ ജയിലിലാണ്. ❑

ജനനീതി

ഫെബ്രുവരി 2008
130

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# സുപ്രീം കോടതിയിൽ അനുചിതമായ ഒരധികാര തർക്കം

ജഡ്ജിമാർ അധികാരാതിർത്തി ലംഘിക്കരുതെന്ന് സുപ്രീം കോടതിയുടെ ഒരു ദ്വയാംഗ ബഞ്ച് ഡിസംബർ 10 ന്ന് വിധിച്ചു. ഈ വിധി തങ്ങൾക്ക് ബാധകമല്ലെന്ന് മൂന്നംഗങ്ങളടങ്ങിയ മറ്റൊരു ബഞ്ച് പിന്നാലെ പ്രഖ്യാപിച്ചു. സാധാരണക്കാരായ ജനങ്ങൾ ഈ തർക്കം കണ്ട് അന്ധാളിച്ചു നിൽക്കുന്നു.

ഹരിയാന ഗോൾഫ് ക്ലബ്ബിൽ ചില പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഹൈക്കോടതി ഒരു കേസിൽ കല്പിച്ചിരുന്നു. ഇതിന്നെതിരായ അപ്പീൽ സുപ്രീം കോടതിയിൽ എത്തിയപ്പോൾ ജ: എ.കെ. മാഥുർ, ജ: മാർക്കണ്ഡേയ കാട്ജു എന്നിവരടങ്ങിയ ഒരു ബഞ്ച് ഹൈക്കോടതിയുടെ കൽപ്പന അസാധുവാക്കി. ഗോൾഫ് ക്ലബ്ബിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ കല്പിക്കുന്നതിന് കോടതിക്ക് അധികാരമില്ലെന്ന് വിധിയിൽ പറയുന്നു. ഈ സാഹചര്യത്തിലാണ് കോടതികൾ അവരുടെ അധികാരാതിർത്തി ലംഘിക്കരുതെന്ന് ദ്വയാംഗ ബഞ്ച് പറഞ്ഞത്. ഇതാണ് തങ്ങൾക്ക് ബാധകമല്ലെന്ന് ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ, ജ: ആർ.വി. രവീന്ദ്രൻ, ജ: ജെ.എം. പഞ്ചാൽ എന്നിവരടങ്ങിയ ബഞ്ച് പറയുന്നത്. പക്ഷെ ഇതൊരു വിധിയല്ല, ഒരു കേസിന്റെ നടത്തിപ്പിന്നിടയിലുണ്ടായ വാക്കാലുള്ള പരാമർശം മാത്രമാണ്. കേരള ഹൈക്കോടതി ഈയിടെ പത്രക്കാർക്കു നൽകിയ മാർഗ്ഗനിർദ്ദേശപ്രകാരമാണെങ്കിൽ, കേസിന്റെ വാദത്തിന്നിടയിൽ ജഡ്ജിമാർ നടത്തുന്ന പരാമർശങ്ങളെ കാര്യമായിട്ടെടുക്കാൻ പാടില്ല. അപ്പോൾ നാം എവിടെയാണ് നിൽക്കുന്നത്? സുപ്രീംകോടതിയിലെ രണ്ടംഗ ബഞ്ചിന്റെ വിധിയാണോ

അതോ മൂന്നംഗ ബഞ്ചിന്റെ പരാമർശ മാണോ നിയമമായി കണക്കാക്കേണ്ടത്?

ദ്വയാംഗ ബഞ്ചിന്റെ വിധിയിൽ മൂന്നംഗ ബഞ്ചിന്ന് ബാധകമല്ലാത്തത് എന്താണ്? ജഡ്ജിമാർ ചക്രവർത്തിമാരെപ്പോലെ പെരുമാറരുതെന്നും വിനയവും മിതത്വവും പാലിക്കണമെന്നും അധികാരാതിർത്തി ലംഘിക്കരുതെന്നും മറ്റുമാണ് ദ്വയാംഗ ബഞ്ചിന്റെ വിധിയിൽ പറയുന്നത്. ഇതൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന് മൂന്നംഗ ബഞ്ചെന്നല്ല, മറ്റൊരുബഞ്ചും പറയില്ല. പിന്നെ? പൊതുതാൽപര്യ ഹരജികളാണ് ഇവിടെ യഥാർത്ഥത്തിൽ തർക്കവിഷയമായിട്ടുള്ളത്.

പൊതു താൽപര്യ ഹരജി എന്നു പറഞ്ഞാൽ നീതിക്കുവേണ്ടിയുള്ള ഹർജി എന്നാണർത്ഥം. ഇതിൽ നിയമപ്രശ്നം ഉണ്ടായെന്നും ഇല്ലെന്നും വരാം. കോടതിയിൽ നിന്ന് ഒരു വിധിയുണ്ടായാൽ, അതു നിയമമായി കണക്കാക്കപ്പെടണമെന്നതിനാൽ പലരും കോടതി വഴി നിയമമുണ്ടാക്കാൻ ശ്രമിക്കാറുണ്ട്. കുറച്ചുകാലം മുമ്പ് ബന്ദിന്നെതിരായി കേരള ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട പൊതു താൽപര്യ ഹർജിയും അതിന്മേലുണ്ടായ വിധിയും ഒരു ഉദാഹരണം. ബന്ദ് ആചരിക്കാൻ പാടില്ലെന്ന് ഒരു നിയമത്തിലും പറയുന്നില്ല. എന്നാൽ പൊതു താൽപര്യ ഹരജി പരിഗണിച്ച കോടതി, അതിന്മേൽ ഒരു വിധി പറയുകയും അങ്ങനെ ബന്ദ് നിരോധിക്കപ്പെടുകയും ചെയ്തു. യഥാർത്ഥത്തിൽ നിയമ നിർമ്മാണ സഭയുടെ അധികാരമാണിവിടെ കോടതി കയ്യേറിയിരിക്കുന്നത്. ഇല്ലാത്ത നിയമം കോടതി വഴി ഉണ്ടാക്കിയെടുക്കുന്ന ഇത്തരം പൊതു താൽപര്യ ഹരജികൾ ഇന്ത്യയിലുടനീളം ഉയർന്നുവരുന്നുണ്ട്. കൊതുകുശല്യത്തിന്നെതിരെ, തെരുവുനായ്ക്കൾക്കെതിരെ, സ്കൂളുകളിൽ കുടിവെള്ളം കിട്ടാറാക്കാൻ, യാചകശല്യത്തിന്നെതിരെ, നഴ്സറി സ്കൂൾ പ്രവേശന ഇന്റർവ്യൂവിനെതിരെ – അങ്ങനെ ഒട്ടേറെ കാര്യങ്ങളിൽ പൊതുതാൽപര്യ ഹരജികൾ വഴി തല്പരകക്ഷികൾ നിയമമുണ്ടാക്കിക്കുന്നുണ്ട്.

ഇത്തരം കാര്യങ്ങൾ പരിശോധിക്കുകയും നിരോധിക്കേണ്ടവ നിരോധിക്കുകയും ചെയ്യേണ്ടത് നിയമനിർമ്മാണ സഭയാണ്. പുതുതായ ഏതൊരു പരിപാടി നടപ്പാക്കാനും ചെലവുവരും; അതിനുള്ള പണം അനുവദിക്കേണ്ടത് നിയമസഭയാണ്; അതിന്നാവശ്യമായ പണം ഖജനാവിലുണ്ടാക്കാൻ നികുതി ചുമത്തേണ്ടതും നിയമസഭയാണ്. ഇതൊന്നും ആലോചിക്കാതെ കോടതികൾ ഓരോ വിധികൾ എഴുതിവിട്ടാൽ ഭരണ സംവിധാനത്തിന്നുതന്നെ തകരാറുവരും.

നിയമങ്ങൾ ഭരണഘടനാ വ്യവസ്ഥകൾക്കനുസൃതമാണെന്ന് ഉറപ്പു വരുത്തുക, നിയമത്തെപ്പറ്റി സംശയം ഉയർന്നാൽ നിയമത്തിന്ന് വ്യാഖ്യാനം നൽകുക, നിയമലംഘനത്തിന്ന് നിയമാനുസൃതം ശിക്ഷ നൽകുക എന്നിവയാണ് കോടതിയുടെ ചുമതലകൾ. നിയമനിർമ്മാണ സഭയോ ഗവർമ്മേണ്ടോ ശരിക്കു കാര്യങ്ങൾ നടത്തുന്നില്ലെന്നു പറഞ്ഞ് കോടതിതന്നെ ഭരണഭാരം കയ്യേറ്റാൽ പറ്റില്ല. ശരിക്കു ഭരിക്കാത്ത സർക്കാരിനേയും നിയമസഭയേയും ശിക്ഷിക്കാനുള്ള അധികാരം ജനങ്ങൾക്കാണ്; ഈ അധികാരം കോടതി കവർന്നെടുത്തുകൂടാ. മുപ്പതു കൊല്ലം മുമ്പ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച ഇന്ദിരാ ഗവർമ്മേണ്ടിനേയും അതിന്നംഗീകാരം നൽകിയ പാർലിമെന്റിനേയും 1977 ൽ ജനങ്ങൾ കണക്കിന്നു ശിക്ഷിച്ചുവിട്ടത് ഉദാഹരണം.

ഇതുകൊണ്ട് പൊതുതാൽപര്യ ഹരജികളെല്ലാം നിഷിദ്ധമാണെന്ന് വരുന്നില്ല. കോടതികൾ കയറുപൊട്ടിച്ചോ

# നെല്ലി: 25 കൊല്ലം കഴിഞ്ഞിട്ടും നടപടിയൊന്നുമില്ല

**- തെരേസ റഹ്മാൻ -**

1983 ഫെബ്രുവരി 18ന്ന് നടന്ന നെല്ലി കൂട്ടക്കൊലക്ക് ശേഷം 25 കൊല്ലം കഴിഞ്ഞിട്ടും അക്രമികൾക്കെതിരെ എന്തെങ്കിലും നടപടിയെടുക്കുന്നതിൽ ആസാം ഗവർമ്മേണ്ട് പരാജയപ്പെട്ടിരിക്കുകയാണ്. ഈ കൂട്ടക്കൊലയെപ്പറ്റി അന്വേഷണം നടത്തിയ തിവാരി കമ്മീഷന്റെ റിപ്പോർട്ട് ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല.

ബംഗ്ലാദേശിൽനിന്ന് നുഴഞ്ഞുകയറിയ ആയിരക്കണക്കിന്ന് മുസ്ലീമുകൾ ആസാമിൽ താമസമാക്കിയിരുന്നു. ഇവരെ പുറത്താക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആസാം വിദ്യാർത്ഥി യൂണി

---

ടാൻ ശ്രമിക്കരുത് എന്നുമാത്രമാണ് മാഥുർ-കാട്ജു ബഞ്ച് താക്കീത് നൽകുന്നത്. ഒരു ജനാധിപത്യ സംവിധാനത്തിൽ കോടതികൾ നിയമകോടതികളായേ തീരൂ. ഭരണഘടനയും പാർലിമെന്റ് പാസാക്കുന്ന നിയമങ്ങളും ആധാരമാക്കി കേസുകളിൽ വിധി പറയാൻമാത്രമാണ് കോടതിക്കധികാരമുള്ളത്. ചിലപ്പോൾ നീതിയുടെ നേരെ കണ്ണടക്കേണ്ടിവരും. ഇന്ത്യയിലെ എല്ലാ ദരിദ്രർക്കും സംവരണത്തിന്റെ ആനുകൂല്യം നൽകുന്നതാണ് നീതി; എന്നാൽ ഭരണഘടനയിൽ ,സംവരണാനുകൂല്യത്തിന്ന് പ്രത്യേക വ്യവസ്ഥകളുണ്ട്. അതുകൊണ്ട് കോടതിക്ക് മറ്റൊരു വിധത്തിൽ വിധി പറയാനാവില്ല.

ഡിസംബർ 10ന്നുശേഷം സുപ്രീം കോടതിയിൽ പൊതുതാൽപര്യം സംബന്ധിച്ച് നാലു വിധികളുണ്ടായി. ഹരിയാനാ ഗോൾഫ് ക്ലബിൽ ചില പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന ഹൈക്കോടിയുടെ കല്പന അസാധുവാക്കിക്കൊണ്ടാണ് സുപ്രീം കോടതിയിലെ മാഥുർ-കാട്ജു ബഞ്ച് ജഡ്ജിമാർ ചക്രവർത്തിമാരെപ്പോലെ പെരുമാറരുതെന്ന് വിധിച്ചത്. പിറ്റേന്ന് സുപ്രീംകോടതിയിലെ സിംഹ-ബേദി ബഞ്ച് മുമ്പാകെ വേശ്യകളെ പുനരധിവസിപ്പിക്കുന്ന കാര്യം സംബന്ധിച്ചൊരു ഹരജി പരിഗണിക്കുവന്നപ്പോൾ, തലേന്നാളുണ്ടായ മാഥുർ-കാട്ജു വിധി ചൂണ്ടിക്കാട്ടിക്കൊണ്ട് കേസിന്റെ വിചാരണ മാറ്റിവച്ചു. ഈ സാഹചര്യത്തിലാണ് ഡിസംബർ 13ന്ന് ചീഫ് ജസ്റ്റീസ് ജ: കെ.ജി. ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള, ജ: രവീന്ദ്രൻ ജ: പഞ്ചാൽ എന്നിവർകൂടി ഉൾപ്പെട്ട ഒരു മൂന്നംഗ ബഞ്ച് മാഥുർ-കാട്ജൂ ബഞ്ചിന്റെ വിധിയെ നിരാകരിച്ചത്. എന്നാൽ, ഒരാഴ്ച കഴിഞ്ഞ് ഡിസംബർ 20 ന്ന് ജ: അരിജിത് പസായത്, ജ: സദാശിവം എന്നിവരുൾപ്പെട്ട ഒരു ദ്വയാംഗബഞ്ച് ബീഹാറിൽ നിന്നുള്ള ഒരു കേസ് തിരിച്ചയച്ചുകൊണ്ട്, പൊതുതാൽപര്യക്കേസുകളിലെ വ്യാജന്മാരെ ശ്രദ്ധിക്കണമെന്ന് മുന്നറിയിപ്പു നൽകി.

അങ്ങനെ രണ്ടാഴ്ചക്കിടയിൽ സുപ്രീം കോടതിയിലെ ഒമ്പതു ജഡ്ജിമാർ, നാലു വ്യത്യസ്ത കേസുകളിലായി, പൊതുതാൽപര്യ ഹരജികളെപ്പറ്റി ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. അപ്പോൾ കോടതി എവിടെ നിൽക്കുന്നു? എന്താണ് കോടതിയുടെ നിലപാട്? നമ്മുടേത് നിയമകോടതിയാണോ ന്യായകോടതിയാണോ? വിപുലമായി ചർച്ച ചെയ്യപ്പെടേണ്ട ഒരു കാര്യമാണിതെന്നു തോന്നുന്നു. ❑

യൻ 1982ൽ പ്രക്ഷോഭണം നടത്തുകയും ആസാം ഗവർമ്മേണ്ട് രാജി വയ്ക്കുകയും ചെയ്തു. നിയമസഭയിലേക്ക് പുതിയ തിരഞ്ഞെടുപ്പു നടത്താൻ പ്രധാനമന്ത്രി ഇന്ദിരാഗന്ധി കല്പനയായി. ഈ തിരഞ്ഞെടുപ്പു ബഹിഷ്കരിക്കാൻ വിദ്യാർത്ഥി യൂണിയൻ ആഹ്വാനം നൽകി. അതിനെ അവഗണിച്ചുകൊണ്ട് 1983 ഫെ: 14 ന്ന് പോളിങ്ങ് നടത്തി. വളരെ കുറച്ചു പേരേ വോട്ടു രേഖപ്പെടുത്തിയുള്ളൂ. വോട്ടു ചെയ്തവരിലധികവും മുസ്ലീമുകളായിരുന്നു.

ഫെബ്രു. 18-ാം തിയ്യതി രാവിലെ നെല്ലി പോലീസ് സ്റ്റേഷന്റെ പരിധിയിൽപെട്ട ഗ്രാമങ്ങൾ ഭീകരമായൊരു നരവേട്ടക്കിരയായി. അക്രമികളെ ഭയന്ന് പാടത്തേക്കോടിയവരിൽ 3,300 പേരെ പാടത്തിട്ട് വെട്ടിക്കൊന്നു. ഇതു സംബന്ധിച്ച് ഗവർമ്മേണ്ട് കുറെ കേസുകൾ ചാർജ് ചെയ്തിരുന്നുവെങ്കിലും, ദൃക്സാക്ഷികളാരുമില്ലെന്നു പറഞ്ഞ് കേസുകൾ പിൻവലിക്കുകയാണ് ഗവർമ്മേണ്ട് ചെയ്തിരുന്നത്.

ഈയിടെ ദിഗന്ത ശർമ്മ എന്നൊരു പത്രപ്രവർത്തകൻ നെല്ലി സംഭവം സംബന്ധിച്ചൊരു കൃതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗവർമ്മേണ്ടിന്റെ കള്ളത്തരം തുറന്നു കാട്ടുന്ന ഒട്ടേറെ രേഖകൾ ഇതിലുണ്ട്. നെല്ലിയിലെ കൂട്ടക്കൊലയിൽ പങ്കെടുത്തവരിൽ 13 പേരുടെ പേർ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നൂർജഹാൻ ഭൂയൻ എന്നൊരാൾ പോലീസിൽ സമർപ്പിച്ച പ്രഥമവിവര റിപ്പോർട്ടിന്റേയും അതനുസരിച്ച് പോലീസ് തയ്യാറാക്കിയ കുറ്റ പത്രത്തിന്റേയും നേർപകർപ്പ് ഈ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. ഭൂയന്റെ കുടുംബത്തിലെ 12 അംഗങ്ങൾ അന്നു കൊല്ലപ്പെട്ടുവെങ്കിലും ഭൂയൻ ഭാഗ്യം കൊണ്ട് രക്ഷപ്പെട്ടു.

നെല്ലി സംഭവം സംബന്ധിച്ച് ആകെ 688 കേസുകളാണ് പോലീസ് ചാർജ് ചെയ്തിരുന്നത്, എന്നാൽ 310 കേസിൽ മാത്രമേ കുറ്റപത്രം സമർപ്പിക്കുകയുണ്ടായുള്ളൂ. ബാക്കിയുള്ള 378 കേസുകളും തെളിവില്ലെന്നു പറഞ്ഞ് ഉപേക്ഷിച്ചു. എന്നാൽ കുറ്റപത്രം തയ്യാറാക്കി സമർപ്പിച്ച മറ്റു കേസുകളാകട്ടെ മുന്നോട്ടു പോയില്ല. അപ്പോഴേക്കും രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവർമ്മേണ്ടും ആസാം വിദ്യാർത്ഥിയൂണിയനും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കി; തുടർന്നു നടന്ന തിരഞ്ഞെടുപ്പിൽ ആസാം വിദ്യാർത്ഥി യൂണിയൻ (ആസാം ഗണപരിഷത്ത്) അധികാരത്തിൽവന്നു. അവർ നെല്ലി കേസെല്ലാം പിൻവലിക്കുകയും ചെയ്തു.

നെല്ലിയിലെ നരവേട്ടക്കിരയായവരുടെ ബന്ധുക്കൾ നീതിക്കുവേണ്ടി 25 കൊല്ലം കാത്തിരുന്നിട്ടും ഫലമുണ്ടായില്ല. ഇനി എന്തുചെയ്യണമെന്ന ചിന്തയിലാണവർ. നെല്ലി മാത്രമല്ല പ്രശ്നം. പത്തുകൊല്ലത്തിന്നുശേഷം ബോഡോ കലാപമുണ്ടായപ്പോഴും അക്രമങ്ങൾക്കിരയായത് മുസ്ലീമുകളാണ്. കൊക്രജാർ, ബോൻഗൈഗവോൺ, ബാർപേറ്റ ജില്ലകളിൽ നിന്ന് രണ്ടുലക്ഷത്തോളം മുസ്ലീമുകൾ ആട്ടിയോടിക്കപ്പെട്ടു. ഇവരിൽ അയ്യായിരത്തിൽപരം കുടംബങ്ങൾ ഇപ്പോഴും അഭയാർത്ഥി ക്യാമ്പുകളിലാണ് കഴിയുന്നത്.

2001 ലെകനേഷുമാരി കണക്കനുസരിച്ച് ആസാമിൽ 23 ലക്ഷം മുസ്ലീമുകളുണ്ട്. ഇത് ജനസംഖ്യയുടെ 31 ശതമാനം വരും. എന്നാൽ സർക്കാർ സർവ്വീസിലുള്ളവരിൽ 4.5 ശതമാനം മാത്രമാണ് മുസ്ലീമുകൾ. ❑

# ബച്ചന്റെ ഭൂമിക്കേസിൽ വല്ലാത്തൊരു കോടതി വിധി

പ്രസിദ്ധ സിനിമാതാരമായ അമിതാഭ് ബച്ചന്റെ ഭൂമിക്കേസിൽ കഴിഞ്ഞ ഡിസംബർ 11ന്ന് അല്ലാഹാബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബഞ്ചിലുണ്ടായ വിധി ബച്ചന്ന് തൽക്കാലത്തേക്ക് ആശ്വാസം പകർന്നു.

അതിസങ്കീർണ്ണമായൊരു ഭൂമിക്കേസാണിത്. ബച്ചൻ ആദ്യം മഹാരാഷ്ട്രത്തിൽ കുറെ ഭൂമിവാങ്ങാനാണ് ശ്രമിച്ചത്. അപ്പോഴാണ് കർഷകർക്കുമാത്രമേ ഭൂമി വിൽക്കാവൂ എന്നൊരു നിയമം മഹാരാഷ്ട്രത്തിലുണ്ടെന്ന് ബച്ചൻ അറിയുന്നത്. ബച്ചൻ കർഷകനല്ലെങ്കിലും കർഷകന്റെ വേഷം കെട്ടുക എളുപ്പമാണെന്ന് അദ്ദേഹം കരുതി. കാരണം, അന്നത്തെ യു.പി. മുഖ്യമന്ത്രി മുലായം സിങ് യാദവ് ബച്ചന്റെ ഉറ്റ സുഹൃത്താണ്.

അങ്ങനെ ഒരു ദിവസം ബച്ചൻ യു. പി. യിലെ ബഡാബങ്കി ജില്ലയിലെ കർഷകനായി. അവിടത്തെ സർക്കാർ രേഖകളിൽ ബച്ചന്റെ പേരിൽ രണ്ടരബീഗ ഭൂമി പ്രത്യക്ഷപ്പെട്ടു. ആ രേഖയുമായി ബച്ചൻ വീണ്ടും മഹാരാഷ്ട്രത്തിലെത്തി. മഹാരാഷ്ട്രത്തിലെ ഉദ്യോഗസ്ഥന്മാർ, ആ രേഖയുടെ ആധികാരികത അറിയാനായി ബഡാബങ്കി കലക്ടർക്ക് അയച്ചു.

ബഡാബങ്കിയിലെ കലക്ടർ സത്യസന്ധനായ ഒരു ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം രേഖ പരിശോധിച്ചപ്പോൾ, റിക്കാർഡുകളിൽ കൃത്രിമം കാണിച്ചിരിക്കുന്നതായി കണ്ടെത്തി. രേഖകളിൽ കൃത്രിമം കാണിക്കുകയും പൊതു സ്ഥലം ബച്ചന്റെ പേരിൽ എഴുതിവയ്ക്കുകയും ചെയ്ത ക്ലർക്കിനെ കലക്ടർ സസ്പെൻഡ് ചെയ്തു. ഇതു സംബന്ധിച്ച കേസാണിപ്പോൾ ഹൈക്കോടതി പരിഗണിച്ചത്.

അമിതാഭ് ബച്ചനെതിരെ സിവിലായോ ക്രിമിനലായോ കേസെടുക്കരുതെന്ന് ജ: എ.എൻ. വർമ്മയുടെ വിധിയിൽ പറയുന്നു. അതേ സമയം ബഡാബങ്കിയിലെ ഭൂമിയിൽ ബച്ചൻ ഉന്നയിച്ച അവകാശം തെറ്റാണെന്നും കോടതി പറഞ്ഞിട്ടുണ്ട്. ബച്ചന് നൽകിക്കൊണ്ട് സർക്കാൻ രേഖകളിൽ വരുത്തിയ കൃത്രിമങ്ങൾ തിരുത്തി ശരിയാക്കണമെന്നും വിധിയിൽ പറയുന്നു.

കൃത്രിമ രേഖാ നിർമ്മാണം സംബന്ധിച്ച കേസിൽനിന്ന് ബച്ചൻ തൽക്കാലം രക്ഷപ്പെട്ടുവെന്നു പറയാം. ഹൈക്കോടതിയുടെ ഈ വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കണമോ എന്നു തീരുമാനിക്കേണ്ടത് യു.പി. ഗവർമ്മേണ്ടാണ്. ബച്ചന്റെ കേസ് സംബന്ധിച്ച രേഖകളെല്ലാം മുഖ്യമന്ത്രി മായാവതിക്ക് നൽകിയിട്ടുണ്ടെന്നും അവരാണ് അവസാന തീരുമാനമെടുക്കേണ്ടതെന്നും സർക്കാർ വക്കീൽ ദേവേന്ദ്ര ഉപാധ്യായ പറയുന്നു.

ഈ കേസിൽ ഒട്ടേറെ വളവുകളും പിരിവുകളുമുണ്ട്. ഹൈക്കോടതിയുടെ വിചിത്രമായ വിധി അഭിഭാഷകരെപ്പോലും അത്ഭുതപ്പെടുത്തുന്നു. ബച്ചൻ ഭൂമി സമ്പാദിച്ചത് കൃത്രിമ രേഖയിലൂടെയാണെന്ന് കലക്ടർ പറഞ്ഞു; കീഴ്ക്കോടതിയിലും അതുതന്നെ പറയുന്നു; ഹൈക്കോടതിക്കും അതിൽ അഭിപ്രായ വ്യത്യാസമില്ല. അപ്പോൾ ബച്ചന്നെതിരെ കേസെടുക്കും എന്നാണ് ന്യായമായും ഒരാൾ കരുതുക. എന്നാൽ കോടതിയുടെ വിധി നേരെ മറിച്ചാണ്. രേഖകളിൽ കൃത്രിമം

കാണിച്ചത് ബച്ചനല്ലാത്ത സ്ഥിതിക്ക്, ബച്ചന്നെതിരെ ക്രിമിനൽ കേസെടുക്ക രുതെന്ന് ഹൈക്കോടതിയുടെ വിധി യിൽ പറയുന്നു.

നിങ്ങൾ ബാങ്കിലെ ഒരു ക്ലർക്കിനെ സ്വാധീനിച്ച് അഞ്ചോ പത്തോ ലക്ഷം രൂപ തട്ടിയെടുത്ത് കടന്നു കളഞ്ഞു വെന്നു കരുതുക. പണം നഷ്ടപ്പെട്ട തായി ബാങ്കുകാർ പരാതിപ്പെട്ടതനുസ രിച്ച് പോലീസ് നിങ്ങളെ പിടികൂടി യെന്നു കരുതുക. നിങ്ങൾക്ക് പേടിക്കാ നൊന്നുമില്ല. കാരണം, ബാങ്കിലെ ക്ലാർക്കാണ് മോഷ്ടിക്കാൻ സൗകര്യമു ണ്ടാക്കിയത്. അതുകൊണ്ട് നിങ്ങൾ കുറ്റാക്കാരനല്ല എന്ന് കോടതി വിധിച്ചു കളയും.

പ്രസ്തുത ഭൂമിയിലുള്ള അവ കാശവാദം ബച്ചൻ ഉപേക്ഷിച്ചിരിക്കുന്ന തിനാലും ഭൂമിയിൽ അവകാശവാദം ഉന്നയിച്ചുള്ള ഹർജി പിൻവലിക്കാൻ ബച്ചൻ ആഗ്രഹിക്കുന്നതിനാലും ബച്ച ന്നെതിരായ ഹർജി പിൻവലിക്കാൻ ഗ്രാമസഭ സമ്മതിച്ചിരിക്കുന്നതിനാലും ബച്ചന്റെ ഹർജി പിൻവലിക്കാൻ അനു വദിക്കാവുന്നതാണ് എന്നാണ് കോടതി വിധി ന്യായത്തിൽ പറയുന്നത്.

അതായത്(1). തന്റേതല്ലാത്ത ഭൂമി ബച്ചൻ തിരിച്ചുതരുന്നത് സ്വീകരിക്കാം, (2). സർക്കാർ രേഖകളിൽ കൃത്രിമം കാണിച്ചത് ബച്ചന്നു വേണ്ടിയാണെന്ന വസ്തുത കണ്ടില്ലെന്നു നടിക്കാം, (3). ഭൂമി തന്റേതാണെന്ന് അവകാശപ്പെട്ടു കൊണ്ട് ബച്ചൻ മഹാരാഷ്ട്ര ഗവർമ്മേ ണ്ടിന്നു നൽകിയ രേഖയുടെ നേരെ കണ്ണടക്കാം, (4). ഭൂമിക്കാര്യത്തിൽ ഗ്രാമ സഭക്ക് ഒരധികാരവുമില്ലാതിരുന്നിട്ടും അവർ ബച്ചനെ സഹായിക്കാൻ തയ്യാ റായതും കണ്ടില്ലെന്നു നടിക്കാം.

സാധാരണക്കാരെ അന്ധാളിപ്പിക്കുന്ന ഒരു വിധിയാണ് ബച്ചന്റെ കേസിൽ ഹൈക്കോടതിയിൽ നിന്നുണ്ടായിരിക്കു ന്നത്. പ്രതിസ്ഥാനത്ത് ബച്ചന്നു പകരം ഒരു സാധാരണക്കാരനായിരുന്നുവെ ങ്കിൽ അയാളെ ക്രിമിനൽ ഗൂഢാലോചനക്കും ഔദ്യോഗിക രേഖ കളിൽ കൃത്രിമം കാണിച്ചതിന്നും വ്യാജ രേഖാ നിർമ്മാണത്തിന്നും പ്രോസിക്യൂട്ട് ചെയ്യുമായിരുന്നുവെന്നതിൽ സംശയമി ല്ല.

ഈ വിധിക്കെതിരെ അപ്പീൽ നൽക ണമെന്നാണ് സർക്കാർ വക്കീലായ ദേവേന്ദ്ര ഉപാധ്യായ നിർദ്ദേശിച്ചിരിക്കു ന്നത്. ഭൂമി ആരുടേതാണ് എന്നതല്ല കോടതി മുമ്പാകെയുള്ള കേസെന്ന് അദ്ദേഹം പറയുന്നു. ഭൂമി സംബ ന്ധിച്ച സർക്കാർ രേഖകളിൽ കൃത്രിമം കാണിച്ചുവോ ഇല്ലയോ എന്നതാണ് യഥാർത്ഥ പ്രശ്നം. രേഖകളിൽ കൃത്രി മമൊന്നും കാണിച്ചിട്ടില്ല എന്നാണ് കോടതി കണ്ടെത്തിയതെങ്കിൽ, രേഖ കൾ തിരുത്തി ശരിയാക്കാൻ കോട തിക്ക് കൽപിക്കേണ്ട കാര്യമില്ല. രേഖ കൾ തിരുത്തി ശരിയാക്കാൻ കോടതി കൽപിച്ചതിന്റെ അർത്ഥം തന്നെ രേഖ കളിൽ കൃത്രിമം കാണിച്ചിട്ടുണ്ടെന്നാ ണ്. കോടതിയുടെ നടപടി നിയമപര മായി നിലനിൽക്കില്ല. അതിന്നും പുറമെ ഗ്രാമ സഭയുടെ വക്കീലിന്ന് വാദം നടത്താൻ കോടതി അനുമതി നൽകി. ഭൂമി സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള അധികാരം കലക്ടർക്ക് മാത്രമാണ്. ഗ്രാമസഭക്ക് ഒരധികാരവുമില്ല. അതുകൊണ്ടുതന്നെ ഭൂമി തിരിച്ചു തന്നാൽ ബച്ചനെ കേസിൽനിന്ന് ഒഴിവാക്കാമെന്ന് ഗ്രാമസ ഭക്ക് പറയാനും അധികാരമില്ല.

കൃത്രിമ രേഖാ നിർമ്മാണത്തിൽ ബച്ചന്ന് പങ്കില്ലെന്ന പരാമർശവും നിരർത്ഥകമാണ്. രേഖകളിൽ കൃത്രിമം കാണിച്ചത് ആർക്കുവേണ്ടിയാണ്; ബച്ച ന്നുവേണ്ടി മാത്രമാണ്. അതിനാൽ ഈ വിധിക്കെതിരെ അപ്പീൽ നൽകണമെന്ന് ഉപാധ്യായ വാദിക്കുന്നു. ❑

# മനുഷ്യാവകാശ സംഘടനകൾ ഉറക്കം തൂങ്ങുന്നു

**- ജ: എ.എം. അഹമ്മദി -**

**ഇ**ന്ത്യൻ ക്രിമിനൽ നടപടിക്രമ നിയമം ഭേദഗതി ചെയ്തത് 1973 ലാണ്. പക്ഷെ അത് അവസാനമായിരുന്നില്ല. അതിന്നുശേഷം നാം അതും വച്ച് പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേസ് കമ്മിറ്റ് ചെയ്യുക എന്നൊരു നടപടിക്രമം മുമ്പുണ്ടായിരുന്നു. ബ്രിട്ടീഷുകാരിൽ നിന്ന് കടം വാങ്ങിയ സമ്പ്രദായമാണത്.

കമ്മിറ്റ് ചെയ്യുന്ന നടപടി ഇന്ത്യൻ സാഹചര്യത്തിന്നനുസൃതമായി വളർന്നുവന്നിരുന്നു. അങ്ങനെ സുപ്രധാനമായ ചില മാറ്റങ്ങൾ വന്നു. ഉദാഹരണത്തിന്ന് ഒരു കുറ്റകൃത്യം നടന്നാലുടൻ കുറ്റപത്രം തയ്യാറാക്കി, ദൃക്സാക്ഷികളെപ്പോലെയുള്ള പ്രധാന സാക്ഷികളെ മജിസ്ട്രേട്ടുകോടതിയിൽ കൊണ്ടുവന്ന് സത്യപ്രതിജ്ഞ ചെയ്യിച്ച് മൊഴിയെടുക്കും. പിന്നീട് സാക്ഷി പ്രതിഭാഗം ചേർന്നാൽ ഈ മൊഴി തെളിവായെടുക്കും. ആദ്യം രേഖപ്പെടുത്തിയ മൊഴിയും പ്രതിഭാഗം ചേർന്നശേഷമുള്ള മൊഴിയും തമ്മിൽ താരതമ്യപ്പെടുത്തും. ഈ മൊഴികൾ പരസ്പരവിരുദ്ധമായി കണ്ടാൽ സാക്ഷി പ്രതിഭാഗം ചേർന്നതായി എളുപ്പത്തിൽ കണ്ടെത്താം.

ഇപ്പോൾ ഈ സമ്പ്രദായമില്ല. കമ്മിറ്റ് ചെയ്യുന്ന നടപടി ക്രമം വേണ്ടെന്നു വച്ചിരിക്കുകയാണ്. സാക്ഷിയുടെ മൊഴി രേഖപ്പെടുത്തുന്നത് അപൂർവ്വമാണ്. യഥാസമയം കുറ്റപത്രം സമർപ്പിക്കാത്ത പോലീസ് ഉദ്യോഗസ്ഥന്നെതിരെ നടപടിയെടുക്കുന്നുമില്ല; ഒരു വിശദീകരണം ചോദിക്കുകപോലും പതിവില്ല.

ഞാൻ സെഷൻസ് ജഡ്ജിയായിരുന്നപ്പോൾ വിചാരണക്കുവന്ന ആദ്യത്തെ കേസുകളിലൊന്ന് എന്റെ ജീവിതത്തിൽ നേരിടേണ്ടി വന്നിട്ടുള്ളതിൽവച്ചേറ്റവും പ്രമാദമായ കേസായിരുന്നു. ഇത്തരമൊരു കേസ് വേണ്ടത്ര പരിചയസമ്പത്തില്ലാത്ത ഞാൻ കൈകാര്യം ചെയ്യുന്നത് ശരായാവില്ലെന്ന് എന്റെ സഹപ്രവർത്തകരിൽ ചിലർ പറയുകയുണ്ടായി. വളരെ സീനിയറായ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഉൾപ്പെട്ട ഒരു കേസായിരുന്നു അത്. വിചാരണയെല്ലാം കഴിഞ്ഞപ്പോൾ, ആകെയുള്ള സാക്ഷികളിൽ എട്ടോ ഒമ്പതോ പേർക്ക് കേസുമായിട്ടൊരു ബന്ധവുമില്ലെന്ന് എനിക്കു ബോധ്യമായി. രാവിലെ എട്ടുമണിക്ക് ഇവരെ കസ്റ്റഡിയിലെടുത്തതിന്ന് രേഖാമൂലമുള്ള തെളിവുണ്ട്; കുറ്റകൃത്യം നടന്നതാകട്ടെ, രണ്ടുമണിക്കൂർ കഴിഞ്ഞ് 10 മണിക്കുമാണ്.

ചെറുപ്പക്കാരനായ ഒരു ജഡ്ജിയെന്ന നിലക്ക് അതെന്നെ നടുക്കിക്കളഞ്ഞു. വിധിയിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെക്കുറിച്ച് ഞാനൊരു ഖണ്ഡിക എഴുതിച്ചേർത്തു. ഹൈക്കോടതിയിലെത്തിയപ്പോൾ അഡ്വക്കറ്റ് ജനറൽ ഇതിന്മേൽ കയറിപിടിച്ചു. ഭാഗ്യംകൊണ്ട് ഹൈക്കോടതി എന്റെ പരാമർശത്തിന്ന് പിൻബലം നൽകി. അക്കാ

ലത്ത് കേസന്വേഷണം ശരിക്കു നടത്തിയിരുന്നു എന്നു കാണിക്കാനാണ് ഞാനീ സംഭവം പറയുന്നത്. പോലീസ് ഉദ്യോഗസ്ഥനെ ഉടനെ ചോദ്യം ചെയ്തു; ഒരു ഡിപ്പാർട്ടുമെന്റൽ അന്വേഷണം നടത്തി; അവസാനം അയാളെ സർവ്വീസിൽനിന്ന് പുറത്താക്കി. ഇന്ന് അങ്ങനെയൊന്നും നടക്കുന്നില്ല. ഇത്തരത്തിലുള്ള സീനിയർ പോലീസ് ഉദ്യോഗസ്ഥന്മാരിൽ മിക്കവർക്കും ഉന്നത തലത്തിലുള്ള രാഷ്ട്രീയ സംരക്ഷണം ലഭിക്കുന്നതാണ് അതിന്നു കാരണം.

ഞാൻ ശമ്പളകമ്മീഷനിൽ പ്രവർത്തിക്കുമ്പോൾ പോലീസുകാരുടെ ശമ്പളം നിശ്ചയിക്കുന്ന കാര്യം വന്നു. പോലീസ് വകുപ്പിൽനിന്ന് പലരും വന്ന് തെളിവു നൽകി. പോലീസിന്ന് അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളുടെ കഥ അവർ പറഞ്ഞു. സർ, ഞങ്ങളെന്തു ചെയ്യാനാണ്; ഞങ്ങൾ തീർത്തും നിസ്സഹായരാണ്. വല്ലാത്ത സമ്മർദ്ദങ്ങൾ സഹിച്ചാണ് ഞങ്ങൾ കഴിയുന്നത്. പറഞ്ഞതനുസരിച്ചില്ലെങ്കിൽ സ്ഥലം മാറ്റും. അതു സഹിക്കാമെന്നുവച്ചാൽ, പുതുതായി ചെല്ലുന്നിടത്ത് പുതിയൊരു ഗ്രൂപ്പിന്റെ സമ്മർദ്ദത്തിന്ന് വിധേയരാകും. ഞങ്ങൾക്കിതിൽനിന്ന് മോചനമില്ല എന്ന് അവർ തുറന്നു പറഞ്ഞു. പോലീസ് വകുപ്പിലാകെ ഏറെക്കാലമായി നടക്കുന്നത് ഇതൊക്കെയാണ്; കാലം ചെല്ലുന്തോറും സ്ഥിതിഗതികൾ കൂടുതൽ വഷളാകുന്നു.

ഇക്കാര്യത്തെ മറ്റൊരു വീക്ഷാഗതിയിലൂടെ നോക്കിയാൽ, കാലം ചെല്ലുംതോറും പോലീസ് കൂടുതൽ മൃഗീയമായിത്തീരുന്നതായികാണാം. സ്ഥിതിഗതികൾ ഭീതിജനകമായിട്ടുണ്ട്. നിങ്ങൾ പരാതികൊടുക്കാൻ പോലീസ് സ്റ്റേഷനിൽ കയറിച്ചെന്നാൽ, അവിടെനിന്ന് ഇറങ്ങിപ്പോരുന്നത് കേസിലെ പ്രതിയായിട്ടായിരിക്കും എന്നൊരാൾ എന്നോടു പറയുകയുണ്ടായി. അപ്പോൾ ചോദ്യം ഇതാണ്. നമ്മുടെ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് എത്രത്തോളം വിവേചനാധികാരം നൽകാം?

പോലീസിന്റെ വിവേചനാധികാരം കൂടിക്കൂടിവരുന്നതായിട്ടാണ് കാണുന്നത്; അതേ സമയം മൗനം പാലിക്കാനുള്ള അവകാശം കുറഞ്ഞുവരുന്നു. ഒരു സമൂഹമെന്ന നിലയിൽ നാമൊരു ഊരാക്കുടുക്കിൽ അകപ്പെട്ടിരിക്കുന്നു എന്നാണ് ഇതെല്ലാം കാണിക്കുന്നത്. ഇത്തരം അതിക്രമങ്ങളിൽ നിന്ന് രാജ്യത്തിലെ ജനങ്ങൾക്ക്, സമൂഹത്തിന്ന്, എങ്ങനെ തലയൂരാൻ കഴിയും?

ജ: എം.എൻ. വെങ്കിടാചലയ്യ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാനായി സ്ഥാനമേറ്റപ്പോൾ, കമ്മീഷന്റെ ആദ്യത്തെ യോഗം ഉൽഘാടനം ചെയ്യാൻ എന്നെ ക്ഷണിച്ചിരുന്നു. ഇന്ത്യയിലെ ജനാധിപത്യ സ്ഥാപനങ്ങളിൽ, മനുഷ്യാവകാശ സംസ്കാരം പ്രചരിപ്പിക്കുന്നതിലാണ് കമ്മീഷൻ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന് ഞനെന്റെ ഉൽഘാടനത്തിൽ ഉപദേശിച്ചു. അതു ചെയ്യാത്തപക്ഷം ജ: വെങ്കടാചലയ്യ തന്റെ കമ്മീഷനെ ഒരു മജിസ്ട്രേട്ടു കോടതിയായി, അങ്ങേയറ്റം ഒരു സെഷൻസ് കോടതിയായി, മാറ്റുകയാകും ചെയ്യുക. കാരണം, അവകാശ ധ്വംസന കേസുകൾ കൈകാര്യം ചെയ്യാനേ കമ്മീഷന് സമയം കിട്ടൂ.

മനുഷ്യാവകാശ സംസ്കാരം വികസിപ്പിച്ച്, അവകാശ ധ്വംസനം ഇല്ലാതാക്കാൻ നാം എന്താണ് ചെയ്യുന്നത്? കേസുകളുടെ ഒരു കുടിശ്ശിക

പടുത്തുയർത്താനല്ല നാം നിയോഗിക്കപ്പെട്ടിരിക്കുന്നത്; എന്നാൽ സംഭവിക്കുന്നത് അതാണ്. മനുഷ്യാവകാശ കമ്മീഷനുകൾ ചുമതല നിറവേറ്റുന്നത് നിർത്തിവച്ചിരിക്കുന്നുവെന്നതാണ് നാമിപ്പോൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രശ്നം.

ഞാൻ വിശദീകരിക്കാൻ ശ്രമിക്കുന്നത് ഇതാണ്: നിയമനിർമ്മാണം നന്നായിട്ടുണ്ട്; ഭരണഘടന നന്നായിട്ടുണ്ട്; നടപടിക്രമങ്ങളെല്ലാം നന്നായിരിക്കുന്നു. എന്നാൽ നാം ഇതൊക്കെ നടപ്പാക്കുന്ന രീതി ശരിയല്ല. നിയമങ്ങളിൽ വെള്ളം കൂട്ടാൻ നാം മിടുക്കന്മാരാണ്. കർക്കശമായൊരു നിയമമുണ്ടാക്കിക്കഴിഞ്ഞാൽ, അടുത്ത ദിവസം തന്നെ നാമതിൽ വെള്ളം കൂട്ടിത്തുടങ്ങും. ഒടുവിൽ നാം എത്തിച്ചേരുന്നത്. ഒന്നും നേരിയാവില്ല; വെറുതെ മെനക്കെടണ്ട എന്നു പറഞ്ഞ് കൈമലർത്തുന്നിടത്താണ്.

ഭരണഘടനയിലെ 21–ാം അനുച്ഛേദവും മനുഷ്യാവകാശം എന്നതിന്റെ നിർവ്വചനവും പരിശോധിച്ചാൽ നിങ്ങൾക്കൊരു കാര്യം വ്യക്തമാകും. ശുപാർശ സമർപ്പിക്കാനുള്ള അധികാരം മാത്രമേ മനുഷ്യാവകാശ സംഘടനക്കുള്ളൂ. എന്നാൽ വീറോടെ രംഗത്തിറങ്ങുന്ന മനുഷ്യാവകാശ സംഘടനകൾക്ക് പലപ്പോഴും മുൻകൈ എടുക്കാനും കാര്യങ്ങൾ നടത്താനും കഴിയും. നിർഭാഗ്യവശാൽ, ഇന്ത്യയിലെ മനുഷ്യാവകാശ സംഘടനകളിൽ മിക്കവയും സെമിനാറുകളും ചർച്ചകളും നടത്തുന്നതിൽ മാത്രം വ്യാപൃതരായി കഴിയുകയാണ്.

ബോംബേയിലേക്ക് നോക്കൂ. ഒരൊറ്റ ആളെയെങ്കിലും അവർ പ്രോസിക്യൂട്ട് ചെയ്തുവോ? ഗുജറാത്തിന്റെ കാര്യമോ? അവിടെ കലാപമുണ്ടാക്കിയ ഭൂരിപക്ഷ സമുദായത്തിൽപെട്ട ഒരാൾക്കെതിരായെങ്കിലും പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചുവോ? അതിനാൽ മനുഷ്യാവകാശ സംരക്ഷണ നിയമം ശക്തിപ്പെടുത്താൻ ആത്മാർത്ഥമായൊരു ശ്രമം നടത്തുകതന്നെ വേണം.

ജ: എ.എസ്. ആനന്ദ് ഭരണഘടനയിലെ 30–ാം അനുച്ഛേദം ഉപയോഗപ്പെടുത്തി സുപ്രീം കോടതിയിൽ ഒരപേക്ഷ സമർപ്പിക്കുകയും അങ്ങനെ ബെസ്റ്റ് ബേക്കറി കേസിലെ വിധിയുണ്ടാക്കുകയും ചെയ്തു. അതായത്, മനുഷ്യാവകാശം സംബന്ധിച്ച് കാര്യമായ ചിലതൊക്കെ ചെയ്യാനുള്ള സാധ്യത ഇപ്പോഴുമുണ്ട് എന്നാണതിന്നർത്ഥം. അതിനാൽ സെമിനാറിൽ പ്രസംഗിക്കാൻ സമയം കളയുന്നതിന്നു പകരം, അതിക്രമങ്ങൾ കാണിക്കുകയും മനുഷ്യരെ കൊല്ലുകയും ചെയ്തവരെ പ്രോസിക്യൂട്ട്ചെയ്യാൻ നമുക്ക് മുന്നിട്ടിറങ്ങാം. മൂന്നാംമുറ പ്രയോഗം പോലെയുള്ള ഗുരുതരമായമനുഷ്യാവകാശ ധ്വംസനങ്ങൾക്ക് പാടെ അറുതിവരുത്താനും നമുക്ക് ശ്രമിക്കേണ്ടതുണ്ട്. ഇതിന്നു മുന്നിട്ടിറങ്ങുന്നവർക്ക് പോലീസിൽനിന്ന് എല്ലാവിധ സഹകരണവും ലഭിക്കുമെന്ന് ഉറപ്പുവരുത്തേണ്ടത് സർക്കാരാണ്.

എല്ലാതലത്തിലും മനോഭാവത്തിന്നൊരു മാറ്റം ആവശ്യമായിരിക്കുന്നു. കുറ്റ കൃത്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിൽ സർക്കാരും പോലീസും മാറ്റം വരുത്തണം; അതുപോലെ മനുഷ്യാവകാശ സംഘടനകളും മുൻകയ്യെടുത്തിറങ്ങാൻ സന്നദ്ധമാകണം. അപ്പോഴേ സ്ഥിതിഗതികൾ മെച്ചപ്പെടൂ. ❏

# ദൽഹിയിൽ 10 പോലീസുകാർക്ക് ജീവപര്യന്തം തടവ്

ദൽഹി നഗരമധ്യത്തിൽ നിർദ്ദോഷികളായ രണ്ടുപേരെ വെടിവച്ചു കൊന്ന കേസിൽ അസി. പോലീസ് കമ്മീഷണറായ എസ്.എസ്. രഥിയേയും മറ്റു ഒമ്പതു പോലീസുകാരേയും സെഷൻസ് കോടതി ജീവപര്യന്തം



എസ്.എസ്. രഥി

തടവിന്നു ശിക്ഷിച്ചു. കൊലപാതകം കുറ്റകരമായ ഗൂഢാലോചന എന്നീ കുറ്റങ്ങൾക്കാണിവർ ശിക്ഷിക്ക പ്പെട്ടത്.

1997 മാർച്ച് 31ന്നാണ് സംഭവം നടന്നത്. രഥിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം ദൽഹി അതിർത്തി മുതൽ ഒരു കാറിനെ പിൻതുടർന്നു. നഗരമധ്യത്തിൽ കോണോട്ട് പ്ലേസിൽ വച്ച് കാറിനെ വളഞ്ഞ് വെടിയുതിർത്തു.

മൊഹമ്മദ് യസീൻ എന്ന ഗുണ്ടയെ പിടികൂടാൻ ശ്രമിക്കുന്നതിന്നിടയിൽ കാറിലുണ്ടായിരുന്നവർ വെടിവച്ചപ്പോൾ തങ്ങൾ ആത്മരക്ഷാർത്ഥം തിരിച്ചു വെടിവച്ചുവെന്നാണ് പോലീസ് അവകാശപ്പെട്ടത്. കാറിൽനിന്ന് ഒരു കൈത്തോക്ക് പിടിച്ചെടുത്തതായും അവർ പറഞ്ഞു.

എന്നാൽ കാറിലുണ്ടായിരുന്നത് ദൽഹിയിലെ രണ്ടു ബിസിനസ്സുകാരായിരുന്നു. കാറിലുണ്ടായിരുന്നവർ വെടിവച്ചുവെന്നത് ശുദ്ധ നുണയാണെന്ന് കോടതി കണ്ടെത്തി. വെടിവെയ്ക്കാൻ ഉപയോഗിച്ചതെന്നു പറയപ്പെടുന്ന കൈതോക്ക് ഒരു പഴഞ്ചൻ തോക്കാണെന്നും വളരെ കാലമായി അത് ഉപയോഗിച്ചിട്ടേയില്ലെന്നും ഫോറിൻസിക് പരിശോധയിൽ തെളിഞ്ഞു.

കാറിലുണ്ടായിരുന്നത് ഗുണ്ടയായിരുന്നുവെങ്കിൽതന്നെ, ഒരാളെ വെടിവച്ചു കൊല്ലാൻ പോലീസിന്ന് അധികാരമില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. കാറിലുണ്ടായിരുന്നവർ വെടിവച്ചുവെന്നു പറയുന്നത് നുണയാണെന്ന് കോടതി കണ്ടെത്തി. കാറിൽ ഒരു പഴഞ്ചൻ കൈത്തോക്ക് കൊണ്ടുപോയി നിക്ഷേപിച്ചുവെന്നതുതന്നെ പോലീസിന്റെ ഗൂഢാലോചനക്ക് തെളിവാണെന്ന് കോടതി പറഞ്ഞു. ചുളുവിൽ ഉദ്യോഗ കയറ്റം സംഘടിപ്പിക്കാൻ വേണ്ടി പോലീസ് നടത്തിയ പരാക്രമമായിട്ടാണ് ഈ വെടിവയ്പ് ചിത്രീകരിക്കപ്പെട്ടത്.

ദൽഹിയിലെ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ രഥിക്കു പുറമെ ഒരു ഇൻസ്പെക്ടർ, ഒരു സബ്ബിൻസ്പെക്ടർ മൂന്ന് ഹെഡ് കോൺസ്റ്റബിൾമാർ നാലു കോൺസ്റ്റബിൾമാർ എന്നിവരാണ് ശിക്ഷിക്കപ്പെട്ടത്. പത്തുപേരെയും സർവ്വീസിൽനിന്ന് ഡിസ്മിസ്സ് ചെയ്തിട്ടുണ്ട്.

കാറിൽനിന്ന് കിട്ടിയ തോക്ക് ആദ്യം

# ഇന്ത്യൻ ജനാധിപത്യം അർത്ഥവത്താകണമെങ്കിൽ

**- സി. രാജകുമാർ -**

**വ്യ**വസ്ഥാപക സമിതി 1949 നവമ്പർ 26ന്ന് ഇന്ത്യൻ ഭരണഘടനയ്ക്ക് അവസാന രൂപം നൽകി. ഭരണഘടനയുടെ കരടു രൂപം തയ്യാറാക്കിയ കമ്മിറ്റിയുടെ ചെയർമാനായ ഡി. അർ. അംബേദ്കർ തന്റെ പണി പൂർത്തിയാക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: ഈ ഭരണഘടന പ്രവർത്തനക്ഷമമാണെന്ന് ഞാൻ കരുതുന്നു. സമാധാനകാലത്തായാലും യുദ്ധകാലത്തായാലും രാജ്യത്തെ കൂട്ടിപ്പിടിക്കാൻ വേണ്ടത്ര അയവും കരുത്തും ഇതിന്നുണ്ട്. പുതിയ ഭരണഘടനയിൻ കീഴിൽ കാര്യങ്ങൾ തകരാറിലാകുകയാണെങ്കിൽ, അതു ഭരണഘടനയുടെ കുറ്റം കൊണ്ടായിരിക്കയില്ല; മനുഷ്യൻ കുറ്റങ്ങളും കുറവുകളുമുള്ളവനാണെന്നേ നമുക്കു പറയാനാവൂ.

നല്ലൊരു ഭരണഘടനയുണ്ടാക്കിയതുകൊണ്ട് രാജ്യത്തിന്റെ രാഷ്ട്രീയ സംസ്കാരത്തിൽ വ്യവസ്ഥാപിത മൂല്യങ്ങൾ വേരൂന്നുമെന്ന് കരുതാനാവില്ലെന്ന് വ്യവസ്ഥാപക സമിതിയിലെ അംഗങ്ങൾക്കറിയാമായിരുന്നു. നല്ലൊരു ഭരണഘടന നല്ലൊരു ഭരണത്തിന്ന് ഉറപ്പു നൽകുന്നില്ല.

എങ്കിലും വലിയ പ്രതീക്ഷകളാണ് ജനങ്ങൾക്കുണ്ടായിരുന്നത്. മികച്ചൊരു ഭരണഘടനയുള്ള സ്ഥിതിക്ക്, അത് ഭരണാധികാരികളിൽ പ്രതിബദ്ധതയുളവാക്കുമെന്ന് ജനങ്ങൾ ആഗ്രഹിച്ചു. അധികാരം കയ്യാളുന്നവരെ നിയന്ത്രിക്കാനുള്ള കഴിവാണ് ഭരണഘടനയെ മറ്റു നിയമങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. അറുപതുകൊല്ലത്തെ വ്യവസ്ഥാപിത ഭരണത്തിന്റെ അനുഭവ സമ്പത്ത് നമ്മുടെ മുന്നിലുണ്ട്. ഭരണഘടനയും ജൂഡീഷ്യറിയും എങ്ങനെ പ്രവർത്തിക്കുന്നു എന്നു മനസ്സിലാക്കാൻ ഇതു സഹായിക്കും.

ഇന്ത്യൻ ഭരണഘടന ഉന്നം വയ്ക്കുന്ന ലക്ഷ്യം സാമൂഹ്യ വിപ്ലവത്തെ പ്രോത്സാഹിപ്പിക്കുക എന്നതാണെന്ന് പ്രഗത്ഭ ഭരണഘടനാ വിശാരദനായ ഗ്രാൻവിൽ ഓസ്റ്റിൻ

---

ഫോറൻസിക് പരിശോധനക്ക് വിധേയമാക്കിയപ്പോൾ, പോലീസുകാർക്കെതിരെ വെടിവയ്ക്കാൻ ഉപയോഗിച്ച തോക്കുതന്നെയാണ് അതെന്ന് ഫോറൻസിക് വിദഗ്ധനായ രൂപസിങ് റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ കേസ് പിന്നീട് സി.ബി.ഐ. ഏറ്റെടുക്കുകയും കൈത്തോക്ക് രണ്ടാമത് പരിശോധനക്കു വിധേയമാക്കുകയും ചെയ്തപ്പോൾ, ആദ്യത്തെ പരിശോധനാ റിപ്പോർട്ട് കള്ള റിപ്പോർട്ടാണെന്നു തെളിഞ്ഞു. അതിനാൽ പത്തു പോലീസുകാർക്ക് ജീവപര്യന്തം തടവുശിക്ഷ വിധിച്ചതിന്നു പുറമെ കള്ള റിപ്പോർട്ട് ഹാജരാക്കിയ ഫോറൻസിക് വിദഗ്ധനായ രൂപസിങ്ങിന്നെതിരെ കേസെടുക്കാനും സെഷൻസ് കോടതി കല്പിച്ചിട്ടുണ്ട്.

## കാൻപൂരിൽ

**ബാ**ബറി മസിജിദ് തകർത്തതിനെത്തുടർന്ന് യു.പി. യിലുണ്ടായ വർഗ്ഗീയ കലാപത്തിന്നിടയിൽ കാൻപൂരിൽ ഒമ്പതുപേരെ ജീവനോടെ ദഹിപ്പിച്ച കേസിൽ, ഒരു വക്കീലടക്കം പതിനഞ്ചു പേർക്ക് കോടതി ജീവപര്യന്തം തടവു ശിക്ഷ വിധിച്ചു. കൊല്ലപ്പെട്ടവരെല്ലാം മുസ്ലീമുകളായിരുന്നു. ❑

പറഞ്ഞിട്ടുണ്ട്. ഇതിന്ന് പൗരന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റേണ്ടതുണ്ട്. അപ്പോൾ ഇന്ത്യൻ സമൂഹത്തിന്റെ ഘടനയിൽ മൗലികമായ മാറ്റം വരുമെന്നായിരുന്നു പ്രതീക്ഷ. സാമൂഹ്യ വിപ്ലവം എന്ന ആശയം വ്യവസ്ഥാപക സമിതിയിലെ ചർച്ചകളിൽ ഉടനീളം നമുക്കു കണ്ടെത്താൻ കഴിയും.

സാമൂഹ്യ വിപ്ലവമെന്ന ആശയ ത്തിന്റെ അടിസ്ഥാനത്തിലാണ് പാർലിമെന്ററി ജനാധിപത്യത്തിന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തത്; നേരിട്ടുള്ള തിരഞ്ഞെടുപ്പ്, മൗലികാ വകാശങ്ങൾ, രാഷ്ട്രനയ ത്തിന്റെ നിയാമക തത്വങ്ങൾ, തുടങ്ങിയ വയുടെ അടിസ്ഥാനവും അതുതന്നെ. സാമൂഹ്യ വിപ്ലവമെന്ന ആശയം ഭരണഘടനയിൽ ഉടനീളം അന്തർലീന മാണെങ്കിലും, ഭരണഘടന യുടെ III-ാം ഭാഗത്തിലും V-ാം ഭാഗത്തിലും (മൗലികാവകാശങ്ങൾ നിയാമക തത്വങ്ങൾ എന്നിവ) അത് കാതലായി വർത്തിക്കുന്നതായി കാണാം. ഈ രണ്ടു ഭാഗങ്ങളെ ഭരണഘടനയുടെ മനസ്സാക്ഷിയായി ഗണിച്ചുവരുന്നു.

ഭരണഘടന പൗരൻമാർക്ക് മനുഷ്യാവകാശങ്ങൾക്ക് ഉറപ്പു നൽകുന്നു. അതൊരു ബാധ്യതയാണ്; രാഷ്ട്രീയമായ സൗജന്യമല്ല. ഇവ അടിസ്ഥാനപരമായ അവകാശ ങ്ങളാണ്; പൗരാവകാശം, രാഷ്ട്രീയാവ കാശം, സാമ്പത്തികാവകാശം, സാമൂഹ്യാവകാശം, സാംസ്കാ രികാവകാശം, എന്നിവയെല്ലാം ഉൾപ്പെട്ടതാണിത്. ഭരണഘടനയുടെ IIIാം ഭാഗത്തുള്ള 12 മുതൽ 35 വരെയുള്ള അനുഛേദങ്ങൾ മൗലീകാ വകാശങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുന്നു. 36 മുതൽ 51 വരെയുള്ള അനുഛേദങ്ങൾ സൽഭരണത്തിന്ന് ആവശ്യമായതെന്തെല്ലാമാണെന്ന് വിഭാവനം ചെയ്യുന്നു. രാഷ്ട്ര നയത്തിന് നിയാമകമാകേണ്ട തത്വങ്ങ ളാണിവ. കോടതി വിധികളിലൂടെ നടപ്പാക്കാവുന്നവയല്ല ഈ തത്വങ്ങൾ; എന്നാൽ ഭരണത്തിന്ന് ഇവ അടിസ്ഥാന മായിരിക്കണം; അതായത് ഗവർമ്മേണ്ട് നിയമനിർമ്മാണം നടത്തുന്നതും ഭരിക്കുന്നതും ഈ തത്വങ്ങളെ ആധാരമാക്കിയാകണം.

ഇന്ത്യൻ ഭരണഘടന പ്രകാരം, ഭരണ സംവിധാനത്തിലെ അധികാരഘടന യിൽ ജുഡീഷ്യറിക്കു അതുല്യമായ സ്ഥാനമാണ് കല്പിച്ചിരിക്കുന്നത്. ജഡ്ജിമാർ ഇവിടെ തിരഞ്ഞെടുക്ക പ്പെടുന്നവരല്ല; എന്നാൽ തിരഞ്ഞെടു ക്കപ്പെട്ട ജനപ്രതിനിധി കളുടേയും നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടേയും അധികാര വിനിയോഗത്തെ നിയന്ത്രി ക്കാൻ ജഡ്ജിമാർക്ക് അധികാരമെന്നല്ല, ചുമതല തന്നെ നൽകിയിട്ടുണ്ട്. കുറ്റങ്ങളും കുറവുകളും ഏറെയുണ്ടെ ങ്കിലും ജൂഡീഷ്യറി പരക്കെ ആദരിക്ക പ്പെടുന്നുണ്ട്.

ഭരണകൂടത്തിന്റെ മൂന്നു ശാഖകളായ നിയമ നിർമ്മാണ സഭ, സർക്കാർ, ജൂഡീഷ്യറി എന്നിവയുടെ അധികാര ങ്ങളും ചുമതലകളും നിർവ്വചിച്ചിട്ടുണ്ട്. അത് നിഷ്കർഷയോടെ പാലിച്ചാൽ ഭരണം ഉത്തമമാകും. എന്നാൽ പ്രയോഗത്തിൽ പലകെട്ടുപിണച്ചിലു കളും സംഭവിക്കാറുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ഓരോ ശാഖയും ഇതര ശാഖകളെ വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യേണ്ടിവരും. പക്ഷെ അതു വിചാരിച്ചു ജൂഡീഷ്യറി അതിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കാ തിരുന്നുകൂടാ. ഇത്തരം ഇടപെടൽ ഒരു തരം ഞാണിന്മേൽ കളിയാണ്. എല്ലാ ആളുകളും സ്ഥാപനങ്ങളും നിയമങ്ങളെ മാനിക്കുകയും നിയമ ത്തിന്നനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുമ്പോഴേ നിയമവാഴ്ച നിലവിൽ വരൂ. അതായത് സാധാരണ പൗരനെ പ്പോലെത്തന്നെ നിയമനിർമ്മാണ

# എന്തുകൊണ്ട് ഇടതുപക്ഷത്തെ കയ്യൊഴിഞ്ഞു

**- അപർണ്ണ സെൻ -**

**ഞാ**നോ എന്റെ കുടുംബാംഗങ്ങളോ ഒരിക്കലും തന്നെ മാർക്സിസ്റ്റ് പാർട്ടിയിലെ അംഗങ്ങളായിരുന്നിട്ടില്ല. എന്നാൽ ഞാൻ വിശ്വസിച്ചതും ജീവിച്ചതും ഇടതുപക്ഷത്തു നിന്നുകൊണ്ടായിരുന്നു ഉൽപൽ ദത്തിന്റെ ഗ്രൂപ്പിലെ അംഗങ്ങളെന്ന നിലയിൽ ഞങ്ങൾ തൊഴിലാളി വിപ്ലവങ്ങളെ പ്രകീർത്തിക്കുന്ന നാടകങ്ങൾ അവതരിപ്പിച്ചുപോന്നു. കമ്യൂണിസ്റ്റ് അന്താരാഷ്ട്ര ഗാനമായ ഇന്റർനാഷനൽ ഞങ്ങൾ നാടകവേദികളിൽ ആലപിച്ചു. പിൽക്കാലത്ത് ഞാനൊരു നക്ഷൽ അനുഭാവിയായി. ഒരാദർശത്തിനു വേണ്ടി മരിക്കാൻപോലും തയ്യാറായ അവരുടെ നിസ്വാർത്ഥമായ ആവേശത്തെ ഞാൻ മനസാ നമിച്ചു. എങ്കിലും അവരുടേത് വഴിപിഴച്ച പോക്കാണെന്ന് എന്റെ മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു. സോവിയറ്റ് യൂണിയൻ തകർന്നപ്പോൾ അതെന്നെ വേദനിപ്പിച്ചു.

കുറെ കഴിഞ്ഞപ്പോൾ, കമ്യൂണിസം മനുഷ്യ പ്രകൃതിക്കു വിരുദ്ധമാണെന്ന് ഞാൻ മനസ്സിലാക്കി. സ്വാർത്ഥബോധവും ലാഭചിന്തയും മനുഷ്യജീവിതത്തിന്റെ മൗലികമായപ്രേരകങ്ങളാണ്. ഉറുമ്പുകളെപ്പോലെയും തേനീച്ചകളെപ്പോലെയും സമൂഹത്തിന്നു വേണ്ടി സർവ്വസ്വവും അടിയറവയ്ക്കുന്ന തരത്തിലല്ല മനുഷ്യന്റെ ഘടന. മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യയുടെ സാമ്പത്തിക നയപരിഷ്കാരങ്ങളെ ഞാൻ പിൻതാങ്ങിയതിന്റെ കാരണങ്ങളിലൊന്ന് ഇതാണ്. രണ്ടാമതായി, ബംഗാളിന്റെ ഭാവിശോഭനമാകാൻ വ്യവസായങ്ങൾ ആവശ്യമാണെന്ന് ബുദ്ധിയുള്ള മറ്റാരേയുംപോലെ ഞാനും വിശ്വസിക്കുന്നു. അപ്പോഴും എന്റെ ഇടതുപക്ഷ ചായ്‌വിന്ന് കുറവുണ്ടായിരുന്നില്ല. മുതലാളിത്തത്തിന്റെ അതിക്രമങ്ങളെ നേരിടാൻ അതൊരു പ്രബലശക്തിയാണെന്ന് ഞാൻ കരുതുന്നു.

എനിക്കിന്ന് ആ രക്ഷാകവചം നഷ്ടപ്പെട്ടിരിക്കുന്നു. ബംഗാളിലെ ഇടതുമുന്നണി ഗവർമ്മേണ്ടുമായി ഞാൻ പാടെ തെറ്റിപിരിഞ്ഞിരിക്കുന്നു. മാർക്സിസ്റ്റ് പാർട്ടിക്ക് അതിന്റെ മുഖംമൂടി നഷ്ടപ്പെട്ടിരിക്കുകയാണ്. അതൊരു ജനവിരുദ്ധ ഫാസിസ്റ്റ് പാർട്ടിയായിത്തീർന്നിരിക്കുന്നു. ബംഗാളിനെ വ്യവസായ വൽക്ക

---

സഭയും സർക്കാരും നിയമമനുസരിക്കാൻ തയ്യാറാകണം.

മറ്റൊരു വെല്ലുവിളി ജൂഡീഷ്യൽ ഭരണം സംബന്ധിച്ചതാണ്. ഒരർത്ഥത്തിൽ ജൂഡീഷ്യൽ ഭരണം എന്ന സംജ്ഞതന്നെ തെറ്റാണ്. ജൂഡീഷ്യറിക്ക് ഭരണത്തിൽ കാര്യമില്ല. എന്നാൽ സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ചുമതലാബോധമുണ്ടാക്കുന്നതിന്ന് ഇന്ത്യൻ ജൂഡീഷ്യറി ഇടപെടാറുണ്ട്. അതുപോലെ മനുഷ്യാവകാശങ്ങൾ ഒരു നിയമശാഖയായി വളർത്തിയത് ജൂഡീഷ്യറിയാണ്.

ഇന്ത്യയിൽ ജനാധിപത്യം അർത്ഥവത്താകണമെങ്കിൽ, അത് പ്രധാന ഘടകങ്ങളെ ആധാരമാക്കണം. നിയമവാഴ്ച വിട്ടുവീഴ്ച കൂടാതെ നടപ്പാക്കലാണ് ഒന്ന്; രാഷ്ട്രീയ സംവിധാനം പരിഷ്കരിക്കലാണ് രണ്ടാമത്തേത്. ❑

രിക്കേണ്ടതുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു; വ്യവസായ വൽക്കരണത്തിന്ന് ഭൂമി വേണമെന്നും സമ്മതിക്കുന്നു. എന്നാൽ ഗവർമ്മേണ്ട് എന്തിന്ന് കോർപ്പറേഷനുകൾക്കുവേണ്ടി ഇടനിലക്കാരായി നിൽക്കണം? എന്തുകൊണ്ട് സഹകരണ സംഘങ്ങൾ ഉണ്ടാക്കുന്നില്ല? എന്തുകൊണ്ടവർ കർഷകരേയും നാട്ടുകാരേയും പറഞ്ഞു ബോധ്യപ്പെടുത്തുന്നില്ല? ഫാക്ടറികൾ നിർമ്മിക്കാൻ എന്തുകൊണ്ട് കാർഷികേതര ഭൂമി ഉപയോഗിക്കുന്നില്ല? ജിൻഡലിന്റെ കമ്പനി സ്ഥാപിച്ച സൽബോനിയിൽ ഒരാളും ബഹളം കൂട്ടിയില്ലല്ലൊ. നാട്ടുകാരുമായി ചർച്ച നടത്തി കാര്യങ്ങൾ ശരിപ്പെടുത്തുന്ന വിഷമം പിടിച്ച ജനാധിപത്യ മാർഗ്ഗമാണവർ അവലംബിച്ചത്. ഇതിൽനിന്ന് ഒന്നും പഠിക്കാനില്ലേ?

ഞാൻ സിംഗൂർ-നന്ദിഗ്രാം കാര്യങ്ങളിൽ ഇടപെട്ടത് വളരെ പതുക്കെയാണ്. കൽക്കത്തയിലെ ഒരു പ്രതിഷേധ റാലിയിൽ വച്ച് സിംഗൂരിൽനിന്നും നന്ദിഗ്രാമിൽ നിന്നുമുള്ള സ്ത്രീകളുമായി ഞാൻ ഇടപെട്ടു. അവർ പറഞ്ഞ കാര്യങ്ങൾ എന്നെ നടുക്കിക്കളഞ്ഞു. അതോടെ ഞാനതിൽ ആമഗ്നയായി ത്തുടങ്ങി. തപസി മാലിക്കിന്റെ ഭീകരമായ കൊലപാതകം, നന്ദിഗ്രാമിൽ പ്രവേശിക്കാൻ ശ്രമിച്ച എന്റെ സുഹൃത്തുക്കളുടെ കാറിന്നു നേരെയുണ്ടായ ആക്രമണം; മാർച്ച് 14 ലെ കൂട്ടക്കൊല എന്നിവ എന്നെ പിടിച്ചു കുലുക്കി.

കുറെ കാലം മുമ്പ് സാനന്ദ യുടെ പത്രാധിപരെന്ന നിലയിൽ മാർക്സിസ്റ്റ് അക്രമത്തെക്കുറിച്ച് ഞാനൊരു വാർത്ത കൊടുത്തിരുന്നു. കോൺഗ്രസിന്റെ ചിഹ്നമായ കൈപ്പത്തിക്ക് വോട്ടുചെയ്തവരുടെ കൈപ്പത്തി കമ്യൂണിസ്റ്റുകാർ വെട്ടിക്കളഞ്ഞതു സംബന്ധിച്ചതായിരുന്നു വാർത്ത. അന്നു ഞാനത് അത്ര കാര്യമാക്കിയില്ല. അതൊരു ഒറ്റപ്പെട്ട സംഭവമായേ ഞാനന്നു കരുതിയിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ വല്ലാത്ത പതറിച്ച തോന്നുന്നു.

മാർച്ച് 14ന്നു ശേഷം ഈ മോഹഭംഗവും അകൽച്ചയും വർധിച്ചിരിക്കുകയാണ്. നന്ദിഗ്രാമിൽവച്ച് ഭൂരക്ഷാ സമിതിക്കാർ മാർക്സിസ്റ്റ് നേതാവായ ശങ്കർ സാമന്തയെ വെട്ടിക്കൊന്നുവെന്നത് ശരി തന്നെ. സാമന്ത ഒരു ക്രിമിനലായിരുന്നുവെങ്കിലും ഞാൻ ആ വധത്തെ ന്യായീകരിക്കില്ല. എന്നാലും രണ്ടിന്നും തമ്മിൽ വ്യത്യാസമുണ്ട്. നാട്ടുകാരുടെ അവിശ്വാസവും ഭയവും രോഷവും അണപൊട്ടിയപ്പോഴുണ്ടായതാണ് ഒരു ക്രമം; ഭൂമി രക്ഷിക്കാൻ കയ്യിൽ കിട്ടിയ ആയുധമെടുത്തു പ്രയോഗിച്ചതാണത്. മറ്റേതാകട്ടെ, സർക്കാർ നടത്തിയ അക്രമമാണ്; ബോംബും അത്യാധുനിക തോക്കുകളും ഉപയോഗിച്ചുള്ള ഒരാക്രമണമാണത്. ജനങ്ങൾ നന്ദിഗ്രാമിനെ ഗുജറാത്തുമായി താരതമ്യപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. അതിൽ തെറ്റുണ്ടോ?

കായികമായ അക്രമം മാത്രമല്ല ഇവിടത്തെ പ്രശ്നം. അത്രതന്നെ അസ്വാസ്ഥ്യജനകമാണ് ഹീനമായ വായാടിത്തരവും പശ്ചാത്താപലേശമില്ലാത്ത മുഷ്ക്കും. ബിനോയ് കോനാൽ, ബിമൻ ബോസ്, ദീപക് സർകാർ തുടങ്ങിയ നേതാക്കന്മാർ ഗവർമ്മേണ്ടിന്ന് നിൽക്കക്കള്ളിയില്ലാതാക്കിയിരിക്കുകയാണ്. ഇവരെ സംബന്ധിച്ചിടത്തോളം ഗവർണർ, കോടതി, മാധ്യമങ്ങൾ, ബഹുജനങ്ങൾ എന്നല്ല, തങ്ങളുടെ ഭീകരവാഴ്ചയെ എതിർക്കുന്നവരെല്ലാംതന്നെ തൃണമൂലികളാണ്. അന്തമില്ലായ്മക്കും വേണ്ടേ ഒരതിര്? ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവർമ്മേണ്ട് ജനങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞേ തീരൂ. ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വം അതാണ്. പക്ഷെ അതംഗീകരിക്കാൻ ഈ ഗവർമ്മേണ്ട് കൂട്ടാക്കുന്നില്ല.

ഉത്തരം കിട്ടാത്ത ഒരുപാട് ചോദ്യങ്ങൾ നന്ദിഗ്രാം ഉയർത്തുന്നുണ്ട്.

# പഞ്ചായത്ത് പ്രസിദ്ധീകരിക്കേണ്ട പൗരാവകാശരേഖ

**- കെ. രാജശേഖരൻ -**

ഒരു പഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസിക്കുന്ന പൗരൻമാർക്ക് പഞ്ചായത്ത് നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും അവ ലഭ്യമാക്കുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും വിവരിക്കുന്ന പത്രികയാണ് പൗരാവകാശരേഖ. പഞ്ചായത്തിൽ നിന്നും നൽകുന്ന സാമ്പത്തിക സഹായങ്ങൾ, അനുവാദങ്ങൾ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവയാണ് സേവനങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മൂന്നുതലത്തിലുള്ള പഞ്ചായത്തുകളും പൗരാവകാശരേഖ പ്രസിദ്ധീകരിക്കണം. പഞ്ചായത്തിലേക്കു കൈമാറിയ സ്ഥാപനങ്ങളിലെ സേവനങ്ങളും പൗരാവകാശ രേഖയിൽ ഉൾപ്പെടുത്തണം.

പൗരാവകാശ രേഖയിൽ പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾ, അതിനായി ഒരു പൗരൻ പാലിക്കേണ്ട വ്യവസ്ഥകൾ, അത് പഞ്ചായത്ത് ലഭ്യമാക്കുന്ന സമയ പരിധി എന്നിവ ഉണ്ടായിരിക്കും.

പഞ്ചായത്ത് സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും അഭിപ്രായം ചർച്ച ചെയ്തു സമാഹരിച്ചുവേണം പൗരാവകാശരേഖ തയ്യാറാക്കേണ്ടത്. ഇങ്ങനെ അഭിപ്രായം സമാഹരിക്കുമ്പോൾ ഉദ്യോഗസ്ഥരുടേയും മറ്റു സൗകര്യങ്ങളുടെയും സേവനത്തിനു വിനിയോഗിക്കാവുന്ന ഫണ്ടിന്റെയും

---

നിർദ്ദിഷ്ട കെമിക്കൽ ഫാക്ടറി നന്ദിഗ്രാമിൽ സ്ഥാപിക്കില്ലെന്ന് ഗവർമ്മേണ്ട് എന്തുകൊണ്ട് രേഖാമൂലം ഉറപ്പുനൽകിയില്ല? കെമിക്കൽ ഫാക്ടറി നന്ദിഗ്രാമിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സ്ഥിതിക്ക് അതിന്നുമാറ്റം വരുത്തണമെങ്കിൽ അതു രേഖാമൂലമാകണമെന്നത് വ്യക്തമാണല്ലൊ. എന്തുകൊണ്ട് സി. ആർ.പി. സേനയെ നേരത്തെത്തന്നെ വിളിച്ചില്ല? മാർക്സിസ്റ്റ് പ്രവർത്തകർക്ക് നന്ദിഗ്രാമിൽ കടക്കാൻ കഴിഞ്ഞുവെങ്കിൽ എന്തുകൊണ്ട് പോലീസിന്ന് അതു സാധിച്ചില്ല? എന്തുകൊണ്ടാണ് മുഖ്യമന്ത്രി ബുദ്ധദേവ് ഗുണ്ടകളുടെ ഭാഷയിൽ, അടിച്ചവരെ തിരിച്ചടിക്കുമെന്നു പറഞ്ഞത്.

ഇതെല്ലാം പുതിയൊരു മനോഭാവത്തിന്ന് ഇടയാക്കിയിട്ടുണ്ട്. നന്ദിഗ്രാം സംഭവത്തിൽ പ്രതിഷേധിക്കാൻ കൽക്കത്തയിലെ തെരുവുകളിലിറങ്ങിയത് 60,000 പേരാണ്. ആവേശകരമായിരുന്നു ആ കാഴ്ച. ആരും സംഘടിപ്പിച്ച റാലിയായിരുന്നില്ല അത്. ജനങ്ങൾ വെറുതെ ഒഴുകിയെത്തി. പലരും ബാൽക്കണിയിൽ നിന്നുകൊണ്ട് ഞങ്ങളുടെ മേൽ പുഷ്പവൃഷ്ടി നടത്തി.

നന്ദ്രഗ്രാമിലെ ജനങ്ങൾക്കിടയിൽനിന്ന് പ്രതിഷേധ ശബ്ദമുയരുന്നതിനെ മാർക്സിസ്റ്റ് പാർട്ടി ഫലപ്രദമായി തടഞ്ഞിട്ടുണ്ട്. ഇടതുപക്ഷമെന്ന് അവകാശപ്പെടുന്ന ഒരു ഗവർമ്മേണ്ട് ഇങ്ങനെയെല്ലാം ചെയ്യുന്നതുകാണുമ്പോൾ വേദന തോന്നും. പക്ഷെ എനിക്ക് ആശ നശിച്ചിട്ടില്ല. നാളെ എന്തുണ്ടാകുമെന്ന് ഒരാൾക്കും പറയാനാവില്ല. ഇന്ന്, വിശ്വസനീയമായൊരു രാഷ്ട്രീയ ബദലുമില്ല. ഇതിൽനിന്ന് പുതുതായൊന്ന് ഉയർന്നു വരുമെന്ന് ഞാൻ കരുതുന്നു.

(പ്രസിദ്ധ ബംഗാളി ഫിലിം നിർമ്മാതാവായ അപർണ സെൻ തെഹൽകയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ സംഗ്രഹം) ❑

ലഭ്യതയും മറ്റും യാഥാർത്ഥ്യബോധ ത്തോടെ കണക്കിലെടുത്തുവേണം പൗരാവകാശരേഖ തയ്യാറാക്കാൻ. യാഥാർത്ഥ്യ ബോധത്തോടെയല്ല പൗരാവകാശരേഖ തയ്യാറാക്കുന്നതെ ങ്കിൽ അതിൽ വിവരിക്കുന്ന സേവന ങ്ങൾ സമയപരിധിക്കുള്ളിൽ നൽകാനാ വില്ല.

പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്തിലെ പൊതു നോട്ടീസ് ബോർഡുകളിലും പൗരാവ കാശരേഖ പ്രസിദ്ധപ്പെടുത്തണം. പൗരാവകാശരേഖ പുസ്തകരൂപത്തിൽ അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യ മായി വിതരണം ചെയ്യുകയും വേണം. കൂടാതെ പൗരാവകാശരേഖയുടെ രത്ന ചുരുക്കം പഞ്ചായത്ത് ഓഫീസിൽ ഒരു ബോർഡിൽ പെയ്ന്റ് കൊണ്ടെഴുതി പൊതുജനങ്ങൾക്ക് കാണത്തക്ക വിധ ത്തിൽ പ്രദർശിപ്പിക്കുകയും വേണം. പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ പൗരാ വകാശരേഖ തൊട്ടടുത്ത് ആദ്യം വരുന്ന ഗ്രാമസഭയിൽ വായിക്കേണ്ടതാണ്.

പൗരാവകാശരേഖ ഓരോ വർഷവും പുതുക്കുമ്പോഴും പഞ്ചായത്ത് നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെ ടുത്തേണ്ടതും പകർപ്പുകൾ അച്ചടിച്ച് ജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാ ണ്.

പഞ്ചായത്ത് പ്രസിദ്ധീകരിച്ച പൗരാ വകാശരേഖയിൽ പറയുന്ന സേവന ങ്ങൾ ലഭിക്കുന്നതിന് ആവശ്യക്കാർ അതിനായി നിശ്ചയിച്ചിട്ടുള്ള ഫോറ ത്തിൽ പഞ്ചായത്ത് സെക്രട്ടറിക്കോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ അപേക്ഷ നൽകണം. അപോക്ഷാഫോറം വിത രണം ചെയ്യുന്നതിനും സ്വീകരിക്കുന്ന തിനും അന്വേഷണങ്ങൾക്കു മറുപടി പറയുന്നതിന്നുമായി ഒരു അന്വേഷണ കൗണ്ടർ പഞ്ചായത്തിൽ ഉണ്ടായിരിക്ക ണം. അന്വേഷണകൗണ്ടറിൽ ലഭി ക്കുന്ന അപേക്ഷകൾ ക്രമമനുസരിച്ച് അപേക്ഷകന്റെ പേരും അപേക്ഷ കിട്ടിയ തിയ്യതി, അപേക്ഷയിലെ വിഷയം തുടങ്ങിയവ അതിനായുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തണം. ലഭിച്ച അപേക്ഷകൾക്ക് ഉടൻ കൈപ്പറ്റു രസീത് നൽകുകയും വേണം. കൈപ്പറ്റ് രസീതിൽ ഈ അപേക്ഷ സംബന്ധ മായി അപേക്ഷകൻ സമീപിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉണ്ടായിരിക്ക ണം.

ഏതെങ്കിലും സേവനം രേഖയിലെ പ്പോലെ ലഭ്യമാക്കാൻ കഴിയുന്നില്ലെ ങ്കിൽ അപേക്ഷകനെ ആ വിവരവും സേവനം നൽകാവുന്ന പുതുക്കിയ തിയ്യതിയും സേവനം ലഭ്യമാക്കാനുള്ള തിയ്യതിക്കുള്ളിൽ അറിയിക്കണം. ഏതെങ്കിലും ഉദ്യോഗസ്ഥൻ ഏതെ ങ്കിലും സേവനം നൽകാൻ വീഴ്ചവരു ത്തുകയോ കാലതാമസം വരുത്തു കയോ ചെയ്യുന്നുവെന്ന് അപേക്ഷകന് തോന്നുന്നുവെങ്കിൽ അത് പ്രസിഡ ണ്ടിന്റെ ശ്രദ്ധയിൽ പ്പെടുത്താം. പഞ്ചാ യത്ത് പ്രസിഡണ്ട് അത് പരിശോധിച്ച് ഉചിതമായ തീർപ്പ് ഉണ്ടാക്കേണ്ടതാണ്.

മനപൂർവ്വമാണ് ഇങ്ങനെയുള്ള വീഴ്ച വരുത്തുന്നതെങ്കിൽ ദുർഭരണം നടത്തി യെന്നു കാണിച്ച് അക്കാര്യം ഓംബു ഡ്സ്മാൻ മുമ്പാകെ പരാതിയായി അപേക്ഷകന് സമർപ്പിക്കാം. ഓംബു ഡ്സ്മാൻ മന:പൂർവ്വമുള്ള അത്തരം വീഴ്ച പരിഗണിച്ച് ഉചിതമായ പരിഹാ രമോ ശിക്ഷാനടപടിയോ സ്വീകരിക്കും.

1. പൗരാവകാശരേഖ പഞ്ചായത്തും ഉദ്യോഗസ്ഥരും ചേർന്ന് തയ്യാറാക്കു ന്നത് പഞ്ചായത്തു നൽകുന്ന സേവന ങ്ങളും അതിന്റെ നിബന്ധനകളും പഠി ക്കാനും അവ എത്രവേഗം നൽകാ മെന്ന് ആലോചിക്കുവാനും കാരണമാ കും. പൊതുജനങ്ങൾക്ക് സേവനങ്ങ ളെക്കുറിച്ച കൃത്യമായ അവബോധമു ണ്ടാക്കാനും പൗരാവകാശരേഖ സഹാ യിക്കും.

2. പഞ്ചായത്ത് സേവനങ്ങൾ നൽകു ന്നത് ഔദാര്യമല്ലെന്നും അത് നൽകപ്പെ

# ഇന്ത്യക്ക് അധോഗതി

**- സി. ഉദയഭാസ്കർ -**

ഇന്ത്യയിൽ ചീനയിലുള്ളതിലേറെ, കോടീശ്വരന്മാരുണ്ടെന്ന് ഈയിടെ പ്രസിദ്ധീകരിച്ച ഫോർബ്സ് റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യ കുതിച്ചു കയറുന്നുവെന്ന പ്രതീതിയാണിത് ഉള വാക്കുന്നത്.

എന്നാൽ ഈയിടെ പ്രസിദ്ധീകരിച്ച രണ്ടു ഐക്യരാഷ്ട്ര റിപ്പോർട്ടുകൾക്ക് മറ്റൊരു കഥയാണ് പറയാനുള്ളത്. മനുഷ്യവികസന സൂചിക (HDI)യിൽ ഇന്ത്യയുടെ സ്ഥാനം 2006 ൽ 126-ാമത്തേതായിരുന്നുവെങ്കിൽ 2007 ൽ അത് 128-ാമത്തേതായി പിന്നോക്കം പോയിരുന്നു. അതേസമയം ചീനയുടെ സ്ഥാനം 81-ാമത്തേതും ബ്രസീലിന്റേത് 70-ാമത്തേതുമാണ്.

മനുഷ്യ ദാരിദ്ര്യ സൂചികയിലും ഇന്ത്യയുടെ സ്ഥിതി പരുങ്ങലിലാണ്. ആകെയുള്ള 108 വികസ്വര രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 62-ാമത്തേതാണ്. 1990 ൽ ഉദാരവൽക്കരണം ആരംഭിച്ചതിന്നുശേഷമുള്ള 15 കൊല്ലം കൊണ്ട് ഇന്ത്യക്കാരുടെ ആളോഹരി വരുമാനം ഇരട്ടിച്ചിട്ടുണ്ടെങ്കിലും 38 കോടി ജനങ്ങൾ ദാരിദ്ര്യരേഖക്ക് കീഴിലാണ്.

ജീവിതസുരക്ഷിതത്വകാര്യത്തിലും ഇന്ത്യയുടെ സ്ഥിതി ലജ്ജാവഹമാണ്- ഇവിടെ 25 ലക്ഷം പട്ടിണിമരണങ്ങളും 20 ലക്ഷം ശുചിത്വരാഹിത്യമരണങ്ങളും നടന്നിട്ടുണ്ട് എന്നാണ് ദാരിദ്ര്യ സൂചികയിൽ പറയുന്നത്.

വിദ്യാഭ്യാസകാര്യത്തിൽ ഇന്ത്യ 105-ാം സ്ഥാനത്തേക്ക് വഴുതി വീണുവെന്നല്ല, ലോകത്തിലെ നിരക്ഷരരിൽ മൂന്നിലൊന്ന് ഇന്ത്യയിലാണതാനും. സ്കൂളിൽ ചേർക്കപ്പെടുന്ന കുട്ടികളിൽ 15 ശതമാനവും ഒന്നാം ക്ലാസിൽ വച്ചു തന്നെ പഠിപ്പു നിർത്തുന്നു. ഇത്തരത്തിൽ കൊഴിഞ്ഞുപോകുന്നവരിൽ 66 ശതമാനവും പെൺകുട്ടികളാണെന്നതാണ് ഏറ്റവും വലിയനാണക്കേട്.

വിദ്യാഭ്യാസം, ദാരിദ്ര്യനിവാരണം തുടങ്ങിയ ആവശ്യങ്ങൾക്കായി ഗവർമ്മേണ്ട് അനുവദിക്കുന്ന ഓരോ രൂപയിലും പതിനാറു പൈസ മാത്രമേ ഉദ്ദേശിച്ച കാര്യത്തിനായി ചെലവാക്കുന്നുള്ളൂവെന്ന് 1984 ൽ പ്രധാനമന്ത്രി രാജീവ് ഗാന്ധി പരാതിപ്പെട്ടിരുന്നു; 23 കൊല്ലത്തിനു ശേഷം ഇന്നാകട്ടെ ഓരോ രൂപയിലും ആറുപൈസമാത്രമാണ് ഉദ്ദേശിച്ച കാര്യത്തിന്ന് ചെലവാക്കുന്നത്. അഴിമതി വളരെ വർധിച്ചിട്ടുണ്ടെന്നർത്ഥം. ❑

---

ടേണ്ടവയാണെന്നും ഉള്ള ബോധം ഭരണ സാരഥികളിൽ ഉണ്ടാക്കാനും ലഭിക്കേണ്ട സേവനങ്ങളിലുള്ള തങ്ങളുടെ അവകാശം പൊതുജനങ്ങൾക്ക് മനസ്സിലാക്കാനും പൗരാവകാശരേഖ സഹായിക്കും.

3. പൗരാവകാശരേഖയുടെ പ്രസിദ്ധീകരത്തിലൂടെ സേവനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പൊതുജനപക്ഷത്തു നിന്നും ഉയരാനിടയുള്ള സമ്മർദ്ദം സേവനങ്ങൾ നൽകൽ മെച്ചപ്പെടുത്താനും സമയബന്ധിതമാക്കാനും സഹായിക്കും.

4. കാലാകാലങ്ങളിലുള്ള പൗരാവകാശരേഖ പുതുക്കലിലൂടെ പഞ്ചായത്തിന്റെ സേവനങ്ങളെ വിലയിരുത്താനും അതിനനുസരിച്ച് നിർദ്ദേശങ്ങൾ നൽകി സേവനങ്ങൾ മെച്ചമാക്കാനും അതു വഴിയൊരുക്കും.

പഞ്ചായത്ത് ഭരണക്രമത്തിൽ കാര്യക്ഷമതയും പ്രൊഫഷണലിസവും കൊണ്ടുവരുന്നതിന് പൗരാവകാശരേഖ സഹായിക്കും. ❑

# തസ്ലീമാവിരുദ്ധ കലാപം ഒരാസൂത്രിത നീക്കം?

- ശന്തനു ഗുഹറായ് -

സ്വതന്ത്രമായി എഴുതുകയും പ്രസംഗിക്കുകയും ചെയ്യാമെന്നും സമാധാനപൂർവ്വം ജീവിക്കാമെന്നും കരുതിയാണ് ബംഗളാ എഴുത്തുകാരിയായ തസ്ലീമ നസ്റിൻ ഇന്ത്യയിൽ വന്നു താമസമാക്കിയത്. ജനാധിപത്യത്തിന്നും പുരോഗമനാത്മകമായ ആശയങ്ങൾക്കും വേണ്ടി പോരാടുന്നവർക്കുള്ള ഒരഭയസ്ഥാനമെന്ന നിലയിൽ ഇന്ത്യ പണ്ടേ പേരെടുത്തിരുന്നു. ദലായ്ലാമയും ആയിരക്കണക്കിന്നുള്ള അനുയായികളും ഇന്ത്യയിലെത്തിയത് അങ്ങനെയാണ്; ജനാധിപത്യത്തിനുവേണ്ടി പോരാടുന്ന നേപ്പാളി കോൺഗ്രസ് നേതാക്കൾ വന്നതും അങ്ങനെത്തന്നെ; ഫെയ്സ് അഹമ്മദ് ഫെയ്സ് ഫഹ്മീദ റിയാസ് എന്നിവരെപ്പോലുള്ള പാക് എഴുത്തുകാരും മുജീബിന്റെ മകളും മുൻ ബംഗള പ്രധാനമന്ത്രിയുമായ ഷേഖ് ഹസീനയും അഫ്ഘാൻ നേതാവായ നജീബുള്ളയും ഇന്ത്യയിൽ അഭയം പ്രാപിച്ചതും അതുകൊണ്ടാണ് നജീബുള്ളയുടെ കുടുംബാംഗങ്ങൾ ഇപ്പോഴും ഇന്ത്യയിലുണ്ട്.

അപ്പോൾ തസ്ലീമ നസിറിന്ന് പെട്ടെന്നെന്താണ് സംഭവിച്ചത്? അതു ലളിതവും നാണംകെട്ടതുമായ ഒരു കാര്യമാണ്. ബംഗാൾ അധികൃതർക്ക് അവർ രാഷ്ട്രീയമായി അസൗകര്യപ്രദമായി. അതുകൊണ്ടവർ ഇടംവലം നോക്കാതെ അവരെ ആട്ടിയോടിച്ചു. ഇത്തവണ വർഗ്ഗീയവാദികളല്ല തസ്ലീമക്കെതിരെ തിരിഞ്ഞത്;മറിച്ച് ഇടതുമുന്നണിക്കാരാണ്. ഇടതുമുന്നണിയുടെ യഥാർത്ഥ സ്വഭാവം തുറന്നുകാട്ടുന്നൊരു സംഭവമാണിത്. പാർട്ടിയുടെ താല്പര്യം സംരക്ഷിക്കാനായി ഏതു തരം സ്വാതന്ത്ര്യത്തേയും അവർ പിച്ചിക്കീറി കൊട്ടയിലിടും! നന്ദിഗ്രാമിൽ സംഭവിച്ചത് അതാണ്; തസ്ലീമ കാര്യത്തിൽ സംഭവിച്ചതും അതാണ്.

സംഘപരിവാരങ്ങൾ എഴുത്തുകാരുടേയും കലാകാരന്മാരുടേയും നേരെ കാണിക്കുന്ന അസഹിഷ്ണുതയെ രൂക്ഷമായി വിമർശിക്കാറുള്ള ഇടതുമുന്നണി ഇപ്പോൾ സ്വന്തം ദൗർബല്യങ്ങളെ തുറന്നു കാണിച്ചിരിക്കുകയാണ്. ബംഗാളിലെ വിലയേറിയ മുസ്ലീം വോട്ടുകൾ നഷ്ടപ്പെട്ടേക്കുമെന്ന ഭീതികൊണ്ടാണ് അവർ തസ്ലീമയെ സംരക്ഷിക്കേണ്ടതില്ലെന്നുവച്ചത്. കൗതുകകരമെന്നു പറയട്ടെ, ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡി തന്റെ തിരഞ്ഞെടുപ്പു പ്രചരണം ഉത്ഘാടനം ചെയ്തത് തസ്ലീമ ബെന്നിനെ ഗുജറാത്തിൽ താമസമാക്കാൻ ക്ഷണിച്ചു കൊണ്ടായിരുന്നു! മോഡിയുടെ ദൽഹിയിലുള്ള സഹപ്രവർത്തകർ ഇടതുമുന്നണിയെ അങ്കലാപ്പിലാക്കാൻ വേണ്ടിയിട്ടാണെങ്കിൽ പോലും തസ്ലീമയെ സംരക്ഷിക്കണമെന്ന ആവശ്യം ഉച്ചത്തിൽ തന്നെ ഉന്നയിച്ചിട്ടുമുണ്ട്. കേന്ദ്ര ഗവർമ്മേണ്ടാകട്ടെ, ഞഞ്ഞമിഞ്ഞ പറഞ്ഞ് ഒഴിഞ്ഞു മാറി. ഇതൊരു വൃത്തികെട്ട രാഷ്ട്രീയക്കളിയാണ്. തസ്ലീമയുടെ കാര്യത്തിൽ ആർക്കുമൊരു വേവലാതിയുമില്ല. എല്ലാത്തിന്റേയും പിന്നിൽ വോട്ടുബാങ്ക് രാഷ്ട്രീയമാണ് എന്നാണ് ഒരു സീനിയർ കോൺഗ്രസ് നേതാവ് പറഞ്ഞത്. അതേസമയം തന്റെ പേരു വെളിപ്പെടുത്തരുതെന്നും അദ്ദേഹം നിഷ്കർഷിച്ചു!

ഇതൊരു ഇമ്പാച്ചിയല്ലാതൊന്നുമല്ല. നന്ദിഗ്രാമും റിസ്വാന്റെ ദുർമരണവും

# മനുഷ്യാവകാശദിനത്തിൽ കോടതി നൽകിയ പ്രഹരം

- ശൈക്കത് ദത്ത -

ഇതിലും വലിയ വിരോധാഭാസം ഉണ്ടാകാനില്ല. ഒരു പക്ഷെ യാദൃഛികമാകാം. പ്രസിദ്ധ മനുഷ്യാവകാശ പ്രവർത്തകനായ ഡോ. വിനായക സെന്നിന്ന് ജാമ്യം നിഷേധിക്കാൻ സുപ്രീം കോടതി തിരഞ്ഞെടുത്തത് ലോകമെങ്ങും മനുഷ്യാവകാശ ദിനമായി ആചരിക്കുന്ന ഡിസംബർ 10 ന്നായിരുന്നു. പൊതപ്രവർത്തകനെന്ന നിലക്കും ദരിദ്ര ജനസേവകനെന്ന നിലക്കും ഡോ. സെൻ നടത്തിയ നാനാതരം പ്രവർത്തനങ്ങളാണ് അദ്ദേഹത്തിന്ന് വിനയായിത്തീർന്നത്.

കഴിഞ്ഞ മേയ് 14ന്നാണ് ഡോ. വിനായക സെൻ അറസ്റ്റ് ചെയ്യപ്പട്ടത്. പ്രതികളെ എത്രകാലം വേണമെങ്കിലും വിചാരണകൂടാതെ ജയിലിലടക്കാൻ ഗവർമ്മേണ്ടിന്ന് അധികാരം നൽകുന്ന പൊതുരക്ഷാ നിയമപ്രകാരമാണ് ഛത്തീസ്ഗഡ് ഗവർമ്മേണ്ട് ഡോ. സെന്നിനെ അറസ്റ്റ് ചെയ്തിരുന്നത്.

ഡോ. സെൻ ചെയ്ത കുറ്റം എന്താണ്? ഇദ്ദേഹമൊരു നക്ഷൽ അനുഭാവിയാണെന്നാണ് ഛത്തീസ്ഗഡ് ഗവർമ്മേണ്ട് പറയുന്നത്.

---

ബംഗാളിലെ മുസ്ലീമുകളെ വല്ലാതെ വേദനിപ്പിച്ചിട്ടുണ്ട്. തസ്ലീമയെ കൽക്കത്തയിൽ നിന്നും പുറത്താക്കിയത്. ഒരു രാഷ്ട്രീയ കരുനീക്കമായിട്ടേ കാണാനാവൂ എന്നാണ് അഖിലേന്ത്യാ പുരോഗമന വനിതാ സംഘടനയുടെ ജനറൽ സെക്രട്ടറിയായ കുമുദിനി പറഞ്ഞത്. മാർക്സിസ്റ്റ് പാർട്ടി ഇതു നിഷേധിച്ചുട്ടുണ്ടെന്നത് ശരിതന്നെ. എന്നാൽ ജനരോഷത്തിൽനിന്ന് തസ്ലീമയെ രക്ഷിക്കാനും അങ്ങനെ വോട്ടു ബാങ്കിനെ ക്ഷീണിപ്പിക്കാനും മാർക്സിസ്റ്റ് പാർട്ടി തയ്യാറായില്ലെന്നത് ഒരു വസ്തുതയാണ്.

തസ്ലീമയെ സംരക്ഷിക്കുമെന്നൊക്കെ കേന്ദ്ര ഗവർമ്മേണ്ട് പ്രഖ്യാപിച്ചിട്ടുണ്ടെന്നത് ശരിയാണ്. പക്ഷെ അതേ ശ്വാസത്തിൽ തന്നെ നമ്മുടെ ജനങ്ങളുടെ വികാരങ്ങളെ ക്ഷതപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തരുതെന്നും ഗവർമ്മേണ്ട് ഉപദേശിക്കുന്നു. അതായത് കോൺഗ്രസ്സിന്റെ കണ്ണും മുസ്ലീം വോട്ടിലാണെന്നർത്ഥം.

കൽക്കത്തയിൽ ഇപ്പോൾ ഇങ്ങനെയൊരു മുസ്ലീം പ്രക്ഷോഭണം ഉണ്ടാകാൻ കാരണമെന്താണ്? 2004 നു ശേഷം തസ്ലീമ പുതുതായൊന്നും എഴുതിയിട്ടില്ല. അവരുടെ ആത്മകഥയുടെ നാലാം ഭാഗമായ "അതേ ഇരുട്ട്" 2004ൽ പ്രസിദ്ധീകരിക്കുകയും ബംഗളാദേശിൽ അത് കയ്യോടെ നിരോധിക്കുകയും ചെയ്തിരുന്നു. ഇത്ര കാലത്തിന്നുശേഷം ഈ നവംബർ 22 ന് കൽക്കത്തയിലൊരു കലാപം ഇതിനെച്ചൊല്ലി ഉണ്ടായതെങ്ങനെ? തസ്ലീമയെ എങ്ങനെയെങ്കിലും കൽക്കത്തയിൽനിന്നും പുറത്താക്കാൻ ഒരു കാരണം ഉണ്ടാക്കിയതാണോ? തസ്ലീമ കൽക്കത്തയിൽനിന്നും പോകണമെന്ന് അധികൃതർ പല തവണ ആവശ്യപ്പെട്ടിരുന്നതായി റിപ്പോർട്ടുണ്ട്. അതിനൊന്നും തസ്ലീമ വഴങ്ങിയില്ലെന്നു പറയുന്നു. കൽക്കത്തയിലെ ഏകദിന കലാപം തസ്ലീമയെ ചൊല്ലിയായിരുന്നില്ലെന്നും, നേരെ മറിച്ച് നന്ദിഗ്രാമിനെചൊല്ലിയായിരുന്നുവെന്നും നിരീക്ഷകർ പറയുന്നു. ❑

എന്താണതിന്നു തെളിവ്? പൊലീസ് കുറച്ചുകാലം മുമ്പ് റായ്പൂർ റെയിൽവേ സ്റ്റേഷനിൽവച്ച് നക്ഷലെന്നു സംശയിക്കപ്പെടുന്ന ഒരു പീയൂഷ് ഗുഹയെ അറസ്റ്റ് ചെയ്തിരുന്നു. റായ്പൂർ ജയിലിൽ കിടക്കുന്ന നക്ഷലെന്നു സംശയിക്കപ്പെടുന്ന ഒരു നാരായണ സന്യാൽ അയച്ച മൂന്നു കത്തുകൾ ഗുഹയുടെ പോക്കറ്റിൽ കണ്ടെത്തിയിരുന്നു. ഇതിനെപ്പറ്റി പോലീസ് ചോദ്യം ചെയ്തപ്പോൾ ഡോ. സെന്നാണ് ഈ കത്തുകൾ എത്തിച്ചുതന്നതെന്ന് ഗുഹ പറഞ്ഞുവത്രെ.

ഡോ. സെൻ പലതവണ ജയിലിൽ പോയി സന്യാലിനെ കണ്ടു സംസാരിച്ചിട്ടുണ്ട്. ഓരോ തവണയും ജയിൽ സൂപ്രണ്ടിന്റെ അനുമതിയോടെയായിരുന്നു സന്ദർശനം. പൂർണ്ണമായ ദേഹപരിശോധന പതിവുണ്ട്.

ഇനി ഡോ. സെൻ അധികൃതരെ കബളിപ്പിച്ച് കത്തുകൾ പുറത്തു കടത്തിയെന്നുതന്നെ കരുതുക! അങ്ങനെ പുറത്തു കടത്തിയ കത്തുകളിൽ എന്താണുള്ളത്? ഒരു കത്തിൽ കർഷകരെ സംബന്ധിച്ച കാര്യങ്ങളും കത്തെഴുതിയ ആളുടെ ആരോഗ്യ പ്രശ്നങ്ങളും മറ്റുമാണുള്ളത്. രണ്ടാമത്തെ കത്തിൽ സന്യാലിന്റെ കേസിന്റെ വിവരങ്ങളും സന്യാലിന്റെ വക്കീൽ കൈകൊണ്ടിരിക്കുന്ന സമീപനവുമാണ് ഉള്ളടക്കം. മൂന്നാമത്തെ കത്തിൽ ജയിലിലെ ശോച്യാവസ്ഥയെക്കുറിച്ചും വായിക്കാൻ മാസികകൾ കിട്ടാത്തതിനെക്കുറിച്ചും പരാതിപ്പെടുന്നു.

ഇത്തരം നിസ്സാര കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരാളെ അറസ്റ്റ് ചെയ്യാനാവില്ലെന്ന് പ്രശാന്ത ഭൂഷനെപ്പോലുള്ള അഭിഭാഷക പ്രമുഖർ പറയുന്നു.

ഡോ. സെൻ ഛത്തിസ്ഗഢ് ഗവർമ്മേണ്ടിന്റെ കണ്ണിലെ കരടായത് എപ്പോഴാണ്? നക്ഷലുകളെ നേരിടാനായി സർക്കാർ സാൽവ ജൂഡും എന്ന സ്വകാര്യ സേനയെ തട്ടിക്കൂട്ടിയതിനെ ഡോ. സെൻ വിമർശിച്ചുവരുന്നതാണ് സർക്കാരിനെ അരിശം കൊള്ളിച്ചിരിക്കുന്നതെന്നാണ് പലരും കരുതുന്നത്. നക്ഷലുകളെന്നു സംശയിച്ച് പിടികൂടുന്നവരെ ഭേദ്യം ചെയ്യുന്നതിനെ ഡോ. സെൻ എതിർക്കാറുണ്ട്. ജയിലിലെ പരിതാപകരമായ സ്ഥിതിയെപ്പറ്റിയും ഗവർമ്മേണ്ട് നടത്തുന്ന മനുഷ്യാവകാശ ധ്വംസനത്തെപ്പറ്റിയും ഡോ. സെൻ പരാതിപ്പെട്ടിരുന്നു.

റെയിൽവേ സ്റ്റേഷനിൽവച്ച് പിടികൂടപ്പെട്ട ഗുഹയെ കസ്റ്റഡിയിൽ വച്ച് ചോദ്യം ചെയ്തപ്പോൾ നടത്തിയ കുറ്റസമ്മതത്തെ ആധാരമാക്കിയാണ് ഡോ. സെന്നിന്നെതിരായ കുറ്റപത്രം തയ്യാറാക്കിയിരിക്കുന്നത്. പോലീസിന്റെ കസ്റ്റഡിയിലിരിക്കെ നടത്തുന്ന കുറ്റസമ്മതം തെളിവായി സ്വീകരിക്കാൻ പാടില്ലെന്ന് എത്രയോ കോടതി വിധികളിൽ പറയുന്നുണ്ട്. ഗുഹയെ മജിസ്ത്രേട്ട് മുമ്പാകെ ഹാജരാക്കിയപ്പോൾ, തനിക്കെതിരെ പോലീസ് പ്രയോഗിച്ച ദണ്ഡന മുറകളെപ്പറ്റി ഗുഹ പരാതിപ്പെടുകയും ചെയ്തിരുന്നു.

ഡോ. സെന്നിന്റെ നക്ഷൽ ബന്ധം സ്ഥാപിക്കാൻ പോലീസ് വേറേയും ചിലതെളിവുകൾ ഹാജരാക്കുന്നുണ്ട്:

1. സന്യാൽ ജയിൽ സൂപ്രണ്ടിന്റെ അനുമതിയോടെ ഡോ. സെന്നിന്നയച്ച ഒരു കാർഡ്! ഡോ. സെന്നിന്ന് നക്ഷൽ നേതാവുമായുള്ള ഗാഢമായ ബന്ധത്തിന്ന് ഇത് മതിയായ തെളിവാണെന്ന് പോലീസ് പറയുന്നു. സന്യാലിന്റെ കേസിനെപ്പ്ി ജയിൽ സൂപ്രണ്ട്തന്നെ ഡോ.

സെന്നിന്ന് എഴുതിയിരുന്നുവെന്ന കാര്യം പോലീസ് സൗകര്യപൂർവ്വം മറച്ചുവയ്ക്കുന്നു.

2. നക്ഷൽ നേതാവെന്നു പറയപ്പെടുന്ന മറ്റൊരു തടവുകാരൻ ഡോ. സെന്നിനയച്ച ഒരു കാർഡ്! തടവുകാരൻ തന്റെ കത്തിൽ ഡോ. സെന്നിനെ സഖാവേ എന്ന് അഭിസംബോധന ചെയ്തിരിക്കുന്നത് ഡോ. സെൻ ഒരു നക്ഷലാണെന്നതിന്ന് തെളിവാണെന്ന് പോലീസ് പറയുന്നു.

3. ജയിലിലെ പരിതാപകരമായ സ്ഥിതിയെക്കുറിച്ച് ഡോ.സെൻ നൽകിയ ഒരു പത്രക്കുറിപ്പ്, ഡോ. സെൻ ഒരു നക്ഷൽ വക്താവാണെന്നതിന്റെ തെളിവായി ഗവർമ്മേണ്ട് ചൂണ്ടിക്കാട്ടുന്നു.

4. ഡോ. സെന്നിന്റെ ജയിൽ സന്ദർശനങ്ങളാണ് അദ്ദേഹമൊരു നക്ഷലാണെന്നതിനുള്ള മറ്റൊരുതെളിവായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഡോ. സെന്നിന്റെ ഓരോ സന്ദർശനവും മുൻകൂട്ടി അപേക്ഷ നൽകി അനുവാദം വാങ്ങി നടത്തിയതാണ്. ജയിലിൽ ഇതിന്റെ രേഖകളുണ്ട്. ഡോ. സെന്നിന്റെ വക്കീൽ ഈ രേഖകളുടെ കോപ്പികൾ വിവരാവകാശ നിയമമനുസരിച്ച് സംഘടിപ്പിച്ച് കോടതിയിൽ ഹാജരാക്കുകയുണ്ടായി.

5. ഡോ. സെന്നിന്റെ വീട്ടിൽനിന്ന് പിടിച്ചെടുത്ത ഒരു കമ്പ്യൂട്ടറാണ് മറ്റൊരു തെളിവ്. ഡോ. സെന്നിന്നെതിരായ തെളിവ് അതിലുണ്ടെന്ന് സർക്കാർ വക്കീൽ പറയുന്നു. എന്നാൽ കമ്പ്യൂട്ടർ പരിശോധിച്ച ഫോറൻസിക് സയൻസ് ലാബറട്ടറിക്കാർ പറയുന്നത് അതിൽ പ്രത്യേകിച്ചൊന്നുംതന്നെ ഇല്ലെന്നാണ്.

6. ഡോ. സെൻ ഒരു വ്യാജ ഡോക്ടറാണെന്നും സർക്കാരിന്റെ സത്യവാങ് മൂലത്തിൽ പറയുന്നുണ്ട്. കാരണം, ഡോ. സെന്നിന്റെ വീട് പരിശോധിച്ചപ്പോൾ അവിടെ മെഡിക്കൽ ഗ്രന്ഥങ്ങളോ ഔഷധങ്ങളോ കണ്ടെത്തിയില്ല! പ്രശസ്തമായ വെല്ലൂർ മെഡിക്കൽ കോളേജിൽനിന്ന് ബിരുദം നേടിയ ആളാണ് ഡോ. സെന്നെന്ന് സർക്കാരിനറിയില്ല! ഛത്തീസ് ഗഡിലെ ഷഹീദ് ഹോസ്പിറ്റലി ന്റെ സ്ഥാപകരിലൊരാളാണ് ഡോ. സെന്നെന്നും സർക്കാരിനറിയില്ല. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ ഒരു ഫാക്കൽ മെമ്പറാണിദ്ദേഹമെന്നും സർക്കാരിനറിയില്ല; ഗ്രാമപ്രദേശങ്ങളിൽ നടത്തിയ പൊതു ജനാരോഗ്യ പ്രവർത്തനത്തിന്നുള്ള പോൾ ഹാരിസൺ അവാർഡ് 2004 ൽ നേടിയ ആൾ ഡോ. സെൻ ആണെന്നും സർക്കാരിന്നറിയില്ല.

ഇങ്ങനെയൊക്കെയായിട്ടും ഛത്തീസ് ഗഡ് ഗവർമ്മേണ്ട് ഉന്നയിച്ച നക്ഷൽ ഇമ്പാച്ചി വിശ്വസിച്ചുകൊണ്ട് സുപ്രീം കോടതി ഡോ. സെന്നിന്റെ ജാമ്യാപേക്ഷ തിരസ്കരിച്ചു. ഡോ. സെന്നിനുവേണ്ടി പ്രസിദ്ധ ഭരണഘടനാ വിദഗ്ധനായ രാജീവ് ധവാൻ തന്നെ ഹാജരായി വാദം നടത്തിയിട്ടും കാര്യമുണ്ടായില്ല.

ഡോ. സെന്നിന്റെ ജാമ്യാപേക്ഷ തിരസ്കരിച്ചത് മനുഷ്യാവകാശങ്ങളുടേയും പൗരസ്വാതന്ത്ര്യങ്ങളുടേയും നേരെയുള്ള ഗുരുതരമായൊരു കടന്നാക്രമണമാണെന്ന് രാജീവ് ധവാൻ പറഞ്ഞു. ഭരണ സംവിധാനത്തിന്നകത്ത് ഫാസിസം അരിച്ചു കയറിക്കൊണ്ടിരിക്കുന്നതിന്റെ പ്രതീകമാണ് ഡോ. സെന്നിന്റെ അറസ്റ്റും തടങ്കലുമെന്ന് പ്രശാന്ത ഭൂഷൺ പ്രസ്താവിച്ചു. ❑

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# പിൻ കോഡിന്റെ ലാളിത്യം

- കെ.കെ. ഡേവീസ് -

**പോ**സ്റ്റൽ ഇൻഡക്സ് നമ്പറാണ് പിൻ(PIN) ഇത് ഇന്ത്യയിലെ തപാൽ വിതരണമുള്ള എല്ലാ പോസ്റ്റാഫീസുകൾക്കും നൽകിയിട്ടുള്ള ആറ് അക്കങ്ങളുള്ള നമ്പറാണ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലും പോസ്റ്റാഫീസുകൾ സ്ഥാപിക്കുകയും തപാൽ വിതരണശൃംഖല വിപുലമാക്കുകയും ചെയ്തു. ഇന്നിപ്പോൾ ഒന്നര ലക്ഷത്തിലേറെ പോസ്റ്റാഫീസുകളാണ് നിലവിലുള്ളത്.

ഒരേ പേരിൽ ഒന്നിലേറെ പോസ്റ്റോഫീസുകൾ ഉണ്ടാകുമെന്നതും പല പ്രാദേശിക ഭാഷകളിൽ മേൽവിലാസം എഴുതുന്നതും കാരണം തപാൽ തരംതിരിക്കാൻ പ്രയാസം അനുഭവപ്പെട്ടിരുന്നു. ഇതിന്നു പരിഹാരമായി തപാൽ വിതരണത്തിൽ വേഗതയും കൃത്യതയും ഉറപ്പുവരുത്താനായി, 1972 ആഗസ്റ്റ് 15ന് പിൻകോഡ് സമ്പ്രദായം നിലവിൽ വന്നു.

പിൻകോഡിലെ ആദ്യമൂന്നക്കങ്ങൾ കണ്ടാൽ പോസ്റ്റോഫീസ് ഏത് സംസ്ഥാനത്ത് ഏത് ജില്ലയിലാണെന്ന് പറയാൻ കഴിയും. പിൻകോഡിന്റെ സൗകര്യാർത്ഥം രാജ്യത്തെ എട്ട് ഭൂവിഭാഗങ്ങളായി തിരിച്ച് ഒന്നു മുതൽ 8 വരെ അക്കങ്ങൾ ഓരോ പ്രദേശത്തിനും നൽകി. ഇതനുസരിച്ച് കേരളവും തമിഴ്നാടും അടങ്ങിയ പ്രദേശത്തിന്റെ പിൻ 6 ൽ ആണ് തുടങ്ങുന്നത്.

ആദ്യത്തെ രണ്ടക്കങ്ങൾ കണ്ടാൽ സംസ്ഥാനമേതെന്ന് പറയാൻ കഴിയും. 67 മുതൽ 69 വരെ കേരളത്തിനുള്ളതാണ്.

മൂന്നാമത്തെ അക്കം സോർട്ടിംഗ് ജില്ലയെ കാണിക്കുന്നു. 671 കാസർകോഡ് ജില്ലക്കാണ്, 680 തൃശൂർ, 695 തിരുവനന്തപുരം.... ഈ സോർട്ടിംഗ് ജില്ലാനമ്പറിനൊപ്പം തുടർന്നുള്ള മൂന്നക്കങ്ങൾകൂടി ചേർന്നാൽ, അതാത് ജില്ലയിലെ പോസ്റ്റാഫീസ് നമ്പറുകളായി.

ജനനീതിയിലേക്കുള്ള തപാൽ വിതരണം മണ്ണുത്തി പോസ്റ്റാഫീസ് വഴിയാണ്, പിൻ 680 651. മേൽ വിലാസത്തിൽ പിൻകോഡ് നിർബന്ധമാണ്. വ്യക്തികളും സ്ഥാപനങ്ങളും ലെറ്റർപാഡ്, വിസിറ്റിംഗ് കാർഡ് റബർസ്റ്റാമ്പ്, രസീതുകൾ എന്നിവയിൽ തപാൽ വിതരണ പോസ്റ്റാഫീസിന്റെ പേരിനൊപ്പം പിൻകോഡ്കൂടി ചേർക്കുക. കത്തുകളിൽ അതാത് പോസ്റ്റീഫീസിന്റെ പിൻ മേൽവിലാസം ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. കൂടുതൽ അറിയാൻ : www.indiapost.gov.in ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.